14
2024
ഫെബ്രുവരി
ബുധൻ
കുംഭം

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.129 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-129 പേജ് 4. വില 2.00 രൂപ




02 ജനപ്രതിനിധിയായി കാൽ നൂറ്റാണ്ട്; ലോക്സഭാ സീറ്റിൽ ചാഴികാടനിതു രണ്ടാമൂഴം

03 ചെങ്കടലിൽ അമേരിക്കൻ ചരക്ക് കപ്പലിന് നേരെ മിസൈൽ ആക്രമണം

04 അരശ്ശ് വഴിമാറി; വികസന കുതിപ്പിൽ ആനയറ

# കർഷകസമരം വൻ സംഘർഷത്തിൽ

ന്യൂഡൽഹി: ദില്ലി ചലോ മാർച്ചിനിടെ ഹരിയാനാ, പഞ്ചാബ് അതിർത്തികളിൽ വൻ സംഘർഷം. തുടക്കത്തിൽ തന്നെ മാർച്ച് തടയാനായി പോലീസ് ശ്രമം. ഇതിനായി കർഷകരുടെ ട്രക്കുകൾ പിടിച്ചെടുത്തു. കാൽ നടയായി എത്തിയ കർഷകരെയും കസ്റ്റഡിയിൽ എടുത്തു.

അതിർത്തികളിൽ മുള്ളുവേലിയും കോൺക്രീറ്റ്സ്ലാബും പോലീസ് നിരത്തി. ചിലയിടങ്ങളിൽ കണ്ടെയ്നറുകളിൽ മണൽ എത്തിച്ച് റോഡ് മാർഗം തടസപ്പെടുത്തി. ജനക്കൂട്ടത്തെ പിരിച്ചുവിടാൻ ഹരിയാന പോലീസ് കണ്ണീർ വാതകം പ്രയോഗിച്ചു. ഡ്രോൺ ഉപയോഗിച്ചാണ് കണ്ണീർ വാതകപ്രയോഗം.

എന്നാൽ പിന്നോട്ടില്ലെന്ന് വ്യക്തമാക്കി കർഷകർ. അതിർത്തികളിലേയ്ക്ക് കൂടുതൽ കർഷകർ സംഘടിച്ചെത്തുകയാണ്. മിനിമം താങ്ങുവില ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ കേന്ദ്രസർക്കാർ അംഗീകരിക്കാൻ ആവശ്യപ്പെടുള്ളതാണ് കർഷക മാർച്ച്.

രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, ഡൽഹി, എന്നിവിടങ്ങളിൽ നിന്നുള്ള കർഷകർ 200ൽപരം കർഷക സംഘടനകളുടെ നേതൃത്വത്തിലാണ് സമരത്തിനിറങ്ങിയത്. വിളകൾക്ക് താങ്ങുവില ഉറപ്പാക്കുന്നതിനുള്ള നിയമം പാസാക്കണം സ്വാമിനാഥൻ കമ്മീഷനിലെ നിർദേശങ്ങളായ കാർഷിക പെൻഷൻ ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ നടപ്പിലാക്കണം, സമരത്തിൽ പങ്കെടുത്ത കർഷകർക്കെതിരെയുള്ള കേസുകൾ പിൻവലിക്കണം, ലഖിംപുർ ഖേരിയിൽ കൊല്ലപ്പെട്ടവർക്ക് നീതി നടപ്പിലാക്കണം, കാർഷിക കടങ്ങൾ എഴുതിത്തള്ളണം, സ്വതന്ത്രവ്യാപാര കരാറുകൾ അവസാനിപ്പിക്കണം എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് കർഷകർ വീണ്ടും സമരത്തിനിറങ്ങുന്നത്. കഴിഞ്ഞദിവസം, മാർച്ച് ഒഴിവാക്കാനായി കേന്ദ്രമന്ത്രിമാർ കർഷക സംഘടനകളുമായി അവസാനവട്ട ചർച്ച നടത്തിയെങ്കിലും ഫലമുണ്ടായില്ല. അഞ്ചുമണിക്കൂറിലധികം നീണ്ട ചർച്ചകൾ പരാജയപ്പെട്ടതോടെ കർഷകർ തെരുവിലേക്ക് ഇറങ്ങാൻ ഉറയ്ക്കുകയായിരുന്നു.

വിവിധ ആവശ്യങ്ങളുന്നയിച്ച് നടത്തിയ ഡൽഹി ചലോ മാർച്ചിനെതിരെ പോലീസ് നടപടി തുടരുമ്പോഴും പ്രതിഷേധം കടുപ്പിച്ച് കർഷകർ. പോലീസ് കണ്ണീർവാതകവും ജലപീരങ്കിയും പ്രയോഗിച്ചതിന് പിന്നാലെ, പഞ്ചാബ് ഹരിയാണ അതിർത്തിയിലെ ശംഭു മേൽപ്പാലത്തിന് മുകളിൽ പോലീസ് സ്ഥാപിച്ച ബാരിക്കേഡുകൾ കർഷകർ താഴേക്ക് എടുത്തെറിഞ്ഞു. പോലീസുകാർ സമാധാനപരമായ പ്രതിഷേധത്തിനെതിരെ ബലം പ്രയോഗിക്കുകയാണെന്ന് കർഷകർ ആരോപിച്ചു.

ഹരിയാണയിലെ കുരുക്ഷേത്രയിൽ കർഷകർ പോലീസ് ബാരിക്കേഡ് ബലം പ്രയോഗിച്ച് എടുത്തുമാറ്റി. ട്രാക്ടറിൽ കെട്ടിയ ചങ്ങല കോൺക്രീറ്റ് ബാരിക്കേഡിൽ കെട്ടിവലിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നു. സിമന്റ് ബാരിക്കേഡ് കർഷകർ തള്ളിക്കൊണ്ടുപോവുന്നതിന്റേയും ദൃശ്യങ്ങൾ പുറത്തുവന്നു.

## ഒ എൻ വി കുറുപ്പ് വിട പറഞ്ഞിട്ട് ഫെബ്രുവരി പതിമൂന്നിന് എട്ടുവർഷം
## ഓർമകളുടെ തിരുമുറ്റത്തെ ഒ.എൻ.വി

മോഹൻ ശ്രീശൈലം

കവിതകളിലൂടെ സാഗരങ്ങളെ പോലും പാടിയുണർത്തിയ മലയാളത്തിന്റെ പ്രിയകവി ഒ.എൻ.വി കുറുപ്പ് വിടപറഞ്ഞിട്ട് ഇന്ന് 8 വർഷം തികയുകയാണ്. ആരെയും ഭാവഗായകനാക്കിയ കാവ്യഗന്ധർവ്വന്റെ ഒഴിഞ്ഞു പോക്ക് മലയാളത്തിന്റെ ശൂന്യതയായി നിലകൊള്ളും. 'ഒരു ദിവസം ഭൂമിയെന്ന ഈ വാടക വീട് ഒഴിഞ്ഞു പോകുമ്പോൾ എന്റെ ഏറ്റവും ചൈതന്യവത്തായൊരശം ഞാൻ ഇവിടെ ഉപേക്ഷിച്ചു പോകും അതാണെൻറെ കവിത'എന്ന് ജ്ഞാനപീഠം ഏറ്റുവാങ്ങിക്കൊണ്ട് കവി തന്നെ പറഞ്ഞിരുന്നു. ശരിയാണ്, അദ്ദേഹത്തിൻറെ ചൈതന്യാംശമായ കവിത എന്നും പുതിയ പ്രതീക്ഷയുടെയും സ്നേഹത്തിൻറെയും ഗാഥകളോതി ഏവരുടെയും ആത്മാവിൽ മുട്ടിവിളിച്ചുകൊണ്ടേയിരിക്കുന്നു.

അവിസ്മരണീയ ഗാനങ്ങളുടെ നറുതേൻനിലാവ് പൊഴിച്ച കവി, മലയാളത്തെ ഭാവസാന്ദ്രമാക്കിയ കാവ്യസൂര്യൻ, മാനവസ്നേഹത്തിൻറെയും പ്രകൃതിസ്നേഹത്തിൻറെയും പ്രവാചകൻ വിശേഷണങ്ങൾ അനന്തമായി നീളുകയാണ്. ഒറ്റ വാക്കിലോ വരിയിലോ വിശേഷിപ്പിക്കാനാവില്ല ഒ.എൻ.വിയെ. വാക്കിൽ വിരിഞ്ഞ വസന്തമായിരുന്നു ഒ.എൻ.വി. അദ്ദേഹത്തിൻറെ ഓരോ വരിയും കാലാതീതമായി പുതിയ അർഥങ്ങളും ആനന്ദവും ആശ്വാസവും പകർന്ന് അലയടിച്ചുകൊണ്ടേയിരിക്കും.

അവിസ്മരണീയ ഗാനങ്ങളുടെ നറുതേൻനിലാവ് പൊഴിച്ച കവി, മലയാളത്തെ ഭാവസാന്ദ്രമാക്കിയ കാവ്യസൂര്യൻ, മാനവസ്നേഹത്തിൻറെയും പ്രകൃതിസ്നേഹത്തിൻറെയും പ്രവാചകൻ വിശേഷണങ്ങൾ അനന്തമായി നീളുകയാണ്. ഒറ്റ വാക്കിലോ വരിയിലോ വിശേഷിപ്പിക്കാനാവില്ല ഒ.എൻ.വിയെ. വാക്കിൽ വിരിഞ്ഞ വസന്തമായിരുന്നു ഒ.എൻ.വി. അദ്ദേഹത്തിൻറെ ഓരോ വരിയും കാലാതീതമായി പുതിയ അർഥങ്ങളും ആനന്ദവും ആശ്വാസവും പകർന്ന് അലയടിച്ചുകൊണ്ടേയിരിക്കും.

ഒ.എൻ.വിയുടെ ആദ്യ കവിതകളിലെല്ലാം തന്നെ മാനവരാശിയുടെ മുന്നേറ്റത്തിനായുള്ള പ്രഖ്യാപനങ്ങൾ കാണാം. കയ്പേറിയ ബാല്യം അദ്ദേഹത്തിൻറെ വാക്കുകളെ കൂടുതൽ തെളിച്ചമുള്ളതാക്കിയിരുന്നു. ഓരോ പുതിയ കവിതയിലും ആ തെളിച്ചം ഏറിക്കൊണ്ടിരുന്നു. ഒ.എൻ.വി കവിതകളുടെ ശീർഷകങ്ങൾ പോലും അത്ര മേൽ കാവ്യസാന്ദ്രമായിരുന്നു. 1931 മേയ് 27ന് ഒ.എൻ. കൃഷ്ണക്കുറുപ്പിൻറെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായി കൊല്ലം ജില്ലയിലെ ചവറയിലായിരുന്നു ഒ.എൻ.വിയുടെ ജനനം. പരമേശ്വരൻ എന്നായിരുന്നു ആദ്യ പേര്. അപ്പു എന്ന് ഓമനപ്പേരും. സ്കൂളിൽ ചേർത്തപ്പോൾ മുത്തച്ഛനായ വേലുക്കുറുപ്പിൻറെ പേരു നൽകി. ഒറ്റപ്പ്ലാക്കൽ നീലകണ്ഠൻ വേലുക്കുറുപ്പ് എന്നാണ് പൂർണമായ പേര്. ഇന്നത്തെ അഞ്ചാം ക്ളാസിനു തുല്യമായ പ്രിപ്പറേറ്ററിക്കാണ് ഒ.എൻ.വി ആദ്യമായി സ്കൂളിൽ എത്തിയത്. പ്രവേശന പരീക്ഷയിലൂടെയായിരുന്നു കൊല്ലത്തെ ഗവ. ഇംഗ്ളീഷ് സ്കൂളിൽ പ്രവേശനം ലഭിച്ചത്. പിന്നീട് പിതാവിൻറെ ആകസ്മിക മരണത്തോടെ കൊല്ലം നഗരത്തോട് വിട പറഞ്ഞ് ഒ.എൻ.വി ചവറ ശങ്കരമംഗലം സർക്കാർ സ്കൂളിൽ പഠനം ആരംഭിച്ചു. 1946ൽ പതിനഞ്ചാം വയസ്സിലാണ് ആദ്യ കവിതയായ 'മുന്നോട്ട്' പ്രസിദ്ധപ്പെടുത്തിയത്. സ്വരാജ്യം എന്ന വാരികയിലാണ് ഈ കവിത അച്ചടിച്ചു വന്നത്. 1949ൽ പുരോഗമന സാഹിത്യ സമ്മേളനത്തിൻറെ ഭാഗമായി നടന്ന കവിതാ മത്സരത്തിൽ 'അരിവാളും രാക്കുയിലും' എന്ന കവിതയ്ക്കു ചങ്ങമ്പുഴയുടെ പേരിലുള്ള സമ്മാനം ലഭിച്ചു. അതേവർഷം തന്നെ 'പൊരുതുന്ന സൗന്ദര്യ'മെന്ന ആദ്യ കവി

## ഡൽഹിയിൽ കോൺഗ്രസിന് ഒരു സീറ്റു നൽകാമെന്ന് എഎപി

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന് ഡൽഹിയിൽ ഒരു സീറ്റ് നൽകാമെന്ന് ആം ആദ്മി പാർട്ടി. മെറിറ്റിൻറെ അടിസ്ഥാനത്തിൽ ഡൽഹിയിൽ ഒരു സീറ്റ് പോലും കോൺഗ്രസ് അർഹിക്കുന്നില്ല.

പക്ഷേ സഖ്യത്തിൻറെ ധർമ്മം പരിഗണിച്ച് ഞങ്ങൾ ഒരു സീറ്റ് വാഗ്ദാനം ചെയ്യുകയാണെന്നും കോൺഗ്രസ് പാർട്ടി ഒരു സീറ്റിലും എഎപി ആറു സീറ്റിലും മത്സരിക്കുമെന്ന് എഎപി എംപി സന്ദീപ് പതക് പറഞ്ഞു.

2019ലെ തെരഞ്ഞെടുപ്പിൽ ഡൽഹിയിൽ ഏഴുസീറ്റുകളും ബിജെപി നേടിയിരുന്നു. അതേസമയം പഞ്ചാബിലെ 13 സീറ്റിലും തനിച്ച് മത്സരിക്കുമെന്ന് എഎപി നേതാവ് അരവിന്ദ് കേജരിവാൾ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിൽ പഞ്ചാബിലും ഡൽഹിയിലും സീറ്റ് വിഭജനം നടത്തുന്നത് സംബന്ധിച്ച ഇരു പാർട്ടികളും തമ്മിൽ ചർച്ച നന്നുവരുകയാണ്. എന്നാൽ എഎപി സംസ്ഥാന ഘടകങ്ങൾക്ക് കോൺഗ്രസിന് സീറ്റ് വിട്ടുകൊടുക്കുന്നതിനോട് യോജിപ്പില്ല.

## സംവാദങ്ങളും മുഖാമുഖ ചർച്ചകളും തുടരും: മുഖ്യമന്ത്രി
## ആദ്യ ഘട്ടം ഫെബ്രുവരി 18 മുതൽ

തിരുവനന്തപുരം: മുഖാമുഖ ചർച്ചകളും ജനകീയ സംവാദങ്ങളും തുടരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.ആദ്യഘട്ടമെന്ന നിലയിൽ പത്തു കേന്ദ്രങ്ങളിൽ വ്യത്യസ്ത മേഖലയിലുള്ളവരെ ഉൾപ്പെടുത്തി മുഖാമുഖ പരിപാടി നടത്തും.

ഫെബ്രുവരി 18 മുതൽ മാർച്ച് മൂന്നു വരെ വിവിധ ജില്ലകളിലായി നടക്കുന്ന മുഖാമുഖം പരിപാടികളിൽ ഓരോ മേഖലയിലും അനിവാര്യമായ നവകേരള കാഴ്ചപ്പാടുകൾ വിശദമായി അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്യും.

വിദ്യാർഥികൾ, യുവജനങ്ങൾ, മഹിളകൾ, ഭിന്നശേഷിക്കാർ, ആദിവാസികൾ, ദളിത് വിഭാഗങ്ങൾ, സാംസ്കാരിക പ്രവർത്തകർ, പെൻഷൻകാർ, വയോജനങ്ങൾ, തൊഴിൽ മേഖലയിലുള്ളവർ, കാർഷിക മേഖലയിലുള്ളവർ, റസിഡൻറ്സ് അസോസിയേഷൻ പ്രതിനിധികൾ എന്നിവരുമായുള്ള മുഖാമുഖം പരിപാടിയാണ് ഇങ്ങനെ നടക്കുക.

ഫെബ്രുവരി 18ന് കോഴിക്കോട് (വിദ്യാർഥി സംഗമം), 20ന് തിരുവനന്തപുരം (യുവജനങ്ങൾ), 22ന് എറണാകുളം (സ്ത്രീകൾ), 24 ന് കണ്ണൂർ (ആദിവാസികളും ദളിത് വിഭാഗങ്ങളും), 25 ന് തൃശൂർ (സാംസ്കാരികം), 26ന് തിരുവനന്തപുരം (ഭിന്നശേഷിക്കാർ), 27ന് തിരുവനന്തപുരം (പെൻഷൻകാർ, വയോജനങ്ങൾ), 29ന് കൊല്ലം (തൊഴിൽ മേഖല), മാർച്ച് രണ്ടിന് ആലപ്പുഴ (കാർഷികമേഖല), മൂന്നിന് (എറണാകുളം റസിഡൻസ് അസോസിയേഷനുകൾ) എന്നിങ്ങനെയാണു നിശ്ചയിച്ചിട്ടുള്ളത്.

## സോണിയ രാജ്യസഭയിലേക്ക്; രാജസ്ഥാനിൽനിന്ന് മത്സരിച്ചേക്കും

ന്യൂഡൽഹി: യു.പി.എ. അധ്യക്ഷ സോണിയാഗാന്ധി രാജ്യസഭയിലേക്കെന്ന് ഉറപ്പിച്ചു. രാജസ്ഥാനിൽനിന്നാവും സോണിയ രാജ്യസഭയിലെത്തുക എന്നാണ് പുറത്തുവരുന്ന വിവരം. ബുധനാഴ്ച നാമനിർദേശ പത്രിക സമർപ്പിക്കും. മൂന്ന് സീറ്റുകൾ ഒഴിവുവരുന്ന രാജസ്ഥാനിൽ ഒരുസീറ്റിലേക്കാണ് കോൺഗ്രസിന് സ്ഥാനാർഥിയെ വിജയിപ്പിക്കാൻ സാധിക്കുക.

കോൺഗ്രസിന് ഭരണമുള്ള തെലങ്കാനയിൽനിന്നോ കർണാടകയിൽനിന്നോ സോണിയ രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്യപ്പെടുമെന്ന് നേരത്തെ അഭ്യൂഹങ്ങളുണ്ടായിരുന്നു. എന്നാൽ, ഗാന്ധി കുടുംബം ഹിന്ദി ഹൃദയഭൂമി ഉപേക്ഷിക്കുന്നില്ല എന്ന സന്ദേശം നൽകാൻ കൂടിയാവും, കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഭരണം കൈവിട്ട രാജസ്ഥാനിൽനിന്ന് സോണിയ രാജ്യസഭയിലേക്ക് പോകുന്നത്. പത്രിക സമർപ്പിക്കാൻ സോണിയയെ എ.ഐ.സി.സി. അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും രാഹുൽഗാന്ധിയും അനുഗമിക്കും.

## എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമന സംവരണം സുപ്രീം കോടതി വിധിക്ക് ശേഷം: മന്ത്രി

തിരുവനന്തപുരം: എയ്ഡഡ് സ്ഥാപനങ്ങളിലെ അധ്യാപക അനധ്യാപക നിയമനങ്ങളിൽ പട്ടികജാതിപട്ടികവർഗ സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച തീരുമാനം സുപ്രീം കോടതിയുടെ വിധി വരുന്ന മുറയ്ക്ക് സ്വീകരിക്കുമെന്ന് മന്ത്രി കെ രാധാകൃഷ്ണൻ. എ പി അനിൽകുമാർ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ വിവിധ സർവകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നതുമായ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളജുകളിൽ യുജിസി നിർദേശപ്രകാരം പട്ടികജാതി പട്ടികവർഗ ഉദ്യോഗാർത്ഥികൾക്ക് സംവരണം അനുവദിക്കണമെന്ന് ഹൈക്കോടതിയുടെ വിധി ന്യായമുണ്ടായി. എന്നാൽ ഇതിനെതിരെ ഏതാനും എയ്ഡഡ് കോളജ് മാനേജ്മെന്റുകൾ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ വിധിന്യായം മാനേജ്മെന്റുകൾക്ക് അനുകൂലമായിരുന്നു. ഈ വിധിക്കെതിരെ ഫയൽ ചെയ്ത എസ്എൽപി നിലവിൽ സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

സുപ്രീം കോടതി അന്തിമ വിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

## ഇന്ദിരാ ഗാന്ധിയും നർഗീസ് ദത്തും 'ഔട്ട്'; ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളുടെ പേര് മാറ്റി

ന്യൂഡൽഹി: ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങളുടെ പേര് മാറ്റാൻ തീരുമാനം. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കി. കേന്ദ്ര വാർത്താ വിതരണ മന്ത്രാലയം രൂപീകരിച്ച സമിതിയുടെ ശിപാർശ പ്രകാരമാണ് അവാർഡുകളുടെ പേരുകൾ മാറ്റികൊണ്ട് ഉത്തരവിറക്കിയത്.

സംവിധായകൻ പ്രിയദർശൻ ഉൾപ്പെടെ അംഗങ്ങളായ സമിതി നൽകിയ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് പുതിയ തീരുമാനം. മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരത്തിൽ നിന്ന് മുൻ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയുടെ പേരും ദേശീയോദ്ഗ്രഥന ചിത്രത്തിനുള്ള പുരസ്ക്കാരത്തിൽ നിന്ന് പ്രശസ്ത നടി നർഗീസ് ദത്തിൻറെ പേരും ഒഴിവാക്കി.

ഇനി മുതൽ ഇന്ദിരാ ഗാന്ധിയുടെ പേര് ഇല്ലാതെയായിരിക്കും മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരം നൽകുക. നേരത്തെ നവാഗത സംവിധായകനുള്ള അവാർഡ് തുക നിർമാതാവിനും സംവിധായകനും നൽകിയിരുന്നു.

ഇനി സംവിധായകന് മാത്രമായിരിക്കും കാഷ് അവാർഡ് നൽകുക. ദേശീയോദ്ഗ്രഥന ചിത്രത്തിനുള്ള നർഗീസ് ദത്ത് അവാർഡ് ഇനി മുതൽ ദേശീയ, സാമൂഹിക, പാരിസ്ഥിതി മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന മികച്ച ചിത്രത്തിനുള്ള അവാർഡ് എന്ന പേരിലായിരിക്കും നൽകുക.

സാമൂഹിക, പാരിസ്ഥിതിക പ്രസക്തിയുള്ള ചിത്രങ്ങൾക്ക് നൽകിയിരുന്ന പുരസ്കാരങ്ങൾ ഒഴിവാക്കിയാണ് ദേശീയോദ്ഗ്രഥന ചിത്രത്തിനുള്ള പുരസ്കാരം പുതിയ പേരിൽ നൽകുന്നത്.

2022ലെ ഏഴുപതാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങളുടെ ചട്ടങ്ങളിലാണ് ഇതുസംബന്ധിച്ച മാറ്റം വരുത്തിയിരിക്കുന്നത്. കോവിഡിനെ തുടർന്ന് 2023ലാണ് 2021ലെ ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ നൽകിയത്. ജനുവരി 30 ആയിരുന്നു 2022ലെ അവാർഡിനുള്ള നാമനിർദേശങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി.

പാലക്കാട് പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ ബഡ്സ് സ്കൂൾ വിദ്യാർഥികൾ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചപ്പോൾ

# വാഴയ്ക്കും പച്ചക്കറിക്കും ഭീഷണിയായി പന്നിക്കൂട്ടം

പെരിയ: ദേശീയപാതയോടടുത്ത ചാലിങ്കാൽ, രാവണേശ്വരം ഭാഗങ്ങളിലും നാട്ടുപന്നികൾ കൃഷിക്ക് ഭീഷണിയാകുന്നു. പ്ലാൻറേഷൻ കോർപറേഷനിൽ നിന്ന് കേന്ദ്ര സർവകലാശാലയ്ക്ക് കൈമാറിയ വിശാലമായ പ്രദേശമാണ് പന്നികൾക്ക് താവളമാകുന്നത്.

പ്ലാൻറേഷൻ കോർപറേഷൻറെ കശുമാവിൻ തോട്ടമായിരുന്ന കാലത്ത് ഇടയ്ക്കിടെ അടിക്കാടുകൾ വെട്ടുകയും തീയിടുകയുമൊക്കെ ചെയ്തിരുന്നു. എന്നാൽ സർവകലാശാലയ്ക്ക് കൈമാറിയതോടെ കെട്ടിടങ്ങളും മറ്റു നിർമാണങ്ങളുമുള്ള ഭാഗമൊഴികെ കാട് വളർന്നുമൂടിയ നിലയിലാണ്. രാത്രികാലങ്ങളിൽ ഇവിടെനിന്നും സമീപത്തെ കൃഷിയിടങ്ങളിലേക്കിറങ്ങുന്ന പന്നിക്കൂട്ടങ്ങൾ വാഴയും പച്ചക്കറികളുമെല്ലാം നശിപ്പിക്കുകയാണ്.

രാവണേശ്വരം തണ്ണോട്ട് പാലത്തിങ്കാൽ വയലിലെ ഇ. വേണുഗോപാലൻറെ നേന്ത്രവാഴത്തോട്ടത്തിൽ ഒരാഴ്ചയ്ക്കിടെ രണ്ടുതവണയാണ് പന്നിക്കൂട്ടം നാശം വിതച്ചത്. രണ്ടര മാസം പ്രായമെത്തിയ 350 വാഴകളിൽ അമ്പതോളം എണ്ണം ഇതിനകം പിഴുതു നശിപ്പിച്ചു.

സമീപത്തെ മനോജിൻറെ വാഴത്തോട്ടത്തിലെ പത്തോളം വാഴകളും പിഴുതെറിഞ്ഞു. മണ്ണും വളവുമിട്ടുമൂടി ദിവസവും നനയ്ക്കുന്ന വാഴത്തടമെല്ലാം കുഴിച്ചുമറിച്ച് പാതി വളർച്ചയെത്തിയ വാഴകൾ പിഴുതെറിഞ്ഞിട്ടിരിക്കുന്ന കാഴ്ച ഹൃദയഭേദകമാണ്. ബാക്കിയുള്ളവയെങ്കിലും സംരക്ഷിക്കാൻ പഴയ സാരികളും മറ്റും കൊണ്ട് വേലികെട്ടാനുള്ള ഒരുക്കത്തിലാണ് ഇപ്പോൾ കർഷകർ.

മുൻകാലങ്ങളിൽ സമീപത്തെ വയലുകളിൽ സമൃദ്ധമായി വെള്ളരിയും മറ്റു പച്ചക്കറികളും കൃഷി ചെയ്തിരുന്നെങ്കിലും ഇപ്പോൾ പന്നികളെ ഭയന്ന് ഒന്നും ചെയ്യാനാകാത്ത അവസ്ഥയാണ്. നനവുള്ള ഇടമെല്ലാം രാത്രിയിൽ പന്നികളെത്തി കുഴിച്ചുമറിക്കുമ്പോൾ ഒരു കൃഷിക്കും രക്ഷയില്ലെന്ന നിലയാണ്. പന്നിശല്യത്തിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് കർഷകരും നാട്ടുകാരും പലതവണ ജില്ലാ ഭരണകൂടത്തിനും കൃഷിവകുപ്പിനും പരാതി നൽകിയെങ്കിലും ഫലമുണ്ടായിട്ടില്ല.

കാട്ടുപന്നികളായി പരിഗണിക്കാനാവാത്തതിനാൽ ഇക്കാര്യത്തിൽ വനംവകുപ്പും ഇടപെടുന്നില്ല. ഇതേ രീതിയിൽ നാട്ടിൽ വളർന്ന പന്നിക്കൂട്ടങ്ങളുടെ ശല്യം പരിഹരിക്കണമെന്നാവശ്യപ്പെട്ട് കാസർഗോഡ് മൊഗ്രാൽ, മധൂർ മേഖലയിലെ ജനപ്രതിനിധികളടക്കമുള്ളവർ നേരത്തേ ജില്ലാ കളക്ടർക്കും മൃഗസംരക്ഷണ വകുപ്പിനും നിവേദനം നൽകിയിരുന്നു

# വിദ്യാർഥികളിൽ പടരുന്ന നിരാശ ബോധം സമൂഹം നേരിടുന്ന വെല്ലുവിളി: കെ. മുരളീധരൻ എംപി

പേരാമ്പ്ര: കുട്ടികളിൽ പടരുന്ന നിരാശ ബോധവും പുതുതലമുറയിൽ കണ്ടുവരുന്ന ആത്മഹത്യാ പ്രവണതയും സമൂഹം നേരിടുന്ന വെല്ലുവിളിയാണെന്ന് കെ. മുരളീധരൻ എംപി. നിസാര കാര്യങ്ങളിൽ ഉണ്ടാകുന്ന മാനസിക പിരിമുറുക്കവും പരിധിക്കപ്പുറം ഉണ്ടാകുന്ന സമ്മർദ്ദങ്ങളും വിദ്യാർഥികളെ തെറ്റിൻറെ വഴിയിലേക്ക് നയിക്കപ്പെടുകയാണെന്നും അദ്ദേഹം പറഞ്ഞു.

കൂത്താളി എയുപി സ്കൂളിൻറെ ഒരു വർഷം നീണ്ടു നിൽക്കുന്ന നൂറാം വാർഷികാഘോഷം ശതമുദ്ര '24 ഉദ്ഘാടനം ചെയുകയായിരുന്നു അദ്ദേഹം. പഞ്ചായത്ത് പ്രസിഡൻറ് കെ. കെ. ബിന്ദു അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എൻ. പി ബാബു മുഖ്യാതിഥി ആയിരുന്നു. ഹെഡ് മാസ്റ്റർ പി. ആദർശ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശതമുദ്ര '24 സ്മരണികയുടെ കവർപേജ് പ്രകാശനം കെ. മുരളീധരൻ എംപി, ടി. വി. മുരളിക്ക് നൽകി നിർവഹിച്ചു.

വിവിധ മത്സര വിജയികളെ ചടങ്ങിൽ ആദരിച്ചു. 'ഓർമക്കൂട്ട്' പൂർവ അധ്യാപകവിദ്യാർഥി സംഗമം പഞ്ചായത്ത് പ്രസിഡൻറ് കെ. കെ. ബിന്ദു ഉദ്ഘാടനം ചെയ്തു. പൂർവ വിദ്യാർഥി കൂട്ടായ്മ ചെയർമാൻ ഇ. ടി. സത്യൻ അധ്യക്ഷത വഹിച്ചു. സംഗമത്തിൽ പങ്കെടുത്ത എൺപത്തിയാറ് വയസുള്ള പൂർവ വിദ്യാർഥി കെ. പി. രാമനെ ചടങ്ങിൽ പൊന്നാടയണിയിച്ച് ആദരിച്ചു. പൂർവ വിദ്യാർഥിയായിരുന്ന മുൻമന്ത്രി കൂടിയായ അഡ്വ. പി ശങ്കരൻറെ സ്മരണയ്ക്കായി സ്കൂൾ ലൈബ്രറിക്ക് നൽകിയ പുസ്തകങ്ങൾ അദ്ദേഹത്തിൻറെ ഭാര്യ സുധാ ശങ്കരൻ ഹെഡ്മാസ്റ്റർക്ക് കൈമാറി. പ്രശസ്ത കൺസൾട്ടൻറ് സൈക്കോളജിസ്റ്റ് ഡോ. ഗിരീഷ് ബാബു മുഖ്യ പ്രഭാഷണം നടത്തി.

# ഉമ്മൻചാണ്ടിയുടെ പേരിലുള്ള സ്നേഹഭവനം കൈമാറി

പൊയിനാച്ചി: കൊളത്തൂർ ബറോട്ടിയിലെ മാതാപിതാക്കൾ നഷ്ടപ്പെട്ട സാജുവിനും സജ്നയ്ക്കും സന്ധ്യയ്ക്കും മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നാമത്തിൽ കോൺഗ്രസ് പ്രവർത്തകർ ഒരുക്കിയ വീടിൻറെ താക്കോൽ പി. സി. വിഷ്ണുനാഥ് എംഎൽഎ കൈമാറി. ചാണ്ടി ഉമ്മൻ എംഎൽഎ മുഖ്യാതിഥിയായിരുന്നു. നിർമാണ കമ്മിറ്റി ചെയർമാൻ ഹക്കീം കുന്നിൽ അധ്യക്ഷത വഹിച്ചു. രാജൻ പെരിയ, ഇ. കുഞ്ഞികൃഷ്ണൻ നായർ, മാധവൻ നായർ, രവീന്ദ്രൻ കരിച്ചേരി, കെ. വി. ശ്രീധരൻ, കരിയത്ത് നാരായണൻ, കുഞ്ഞിരാമൻ മരുതുംപള്ള, അനൂപ് കല്യോട്ട്, ഐ. എസ്. വസന്തൻ, ഉണ്ണികൃഷ്ണൻ പൊയിനാച്ചി, അൻവർ മാങ്ങാട്, എ. ദാമോദരൻ, സന്തോഷ് കൊളത്തൂർ, ഉദയൻ പെർളടുക്കം, ശ്രീധരൻ അഞ്ചാംമൈൽ, അഖിലേഷ് കരിച്ചേരി, അഭിലാഷ് കാമലം, ടി. കുഞ്ഞിരാമൻ, എം. സി. ഹനീഫ, അഷറഫ് മവ്വൽ, ശ്രീജിത്ത് കോടോത്ത്, റാഷിദ് പള്ളിമാൻ, മകുഞ്ഞി കൃഷ്ണൻ മാടക്കൽ എന്നിവർ പ്രസംഗിച്ചു.

# വെള്ളയിൽ ഹാർബർ നവീകരണം; ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് ആശങ്ക

കോഴിക്കോട്: ജില്ലയിലെ പ്രധാന ഹാർബറുകളിലൊന്നായ വെള്ളയിൽ ഹാർബറിൻറെ നവീകരണത്തിൽ ചെറുകിട വള്ളക്കാർക്ക് ആശങ്ക. ആശങ്ക പരിഹരിക്കാൻ 17ന് ഹാർബർ വികസന സമിതി യോഗം വിളിച്ചു. നിലവിലുള്ള ജെട്ടിക്ക് വടക്ക് ഭാഗത്തെ തടയണ നിർമാണ പ്രവൃത്തികളാണ് തൊഴിലാളികളിൽ ആശങ്കയുണ്ടാക്കിയത്. ഇവർ പ്രതിഷേധിച്ചതിനാൽ പണി തൽക്കാലം നിർത്തി. ഈ ഭാഗത്ത് ആഴം കൂട്ടി മണ്ണെടുക്കുമ്പോൾ ഇടിയാതിരിക്കാൻ കോൺക്രീറ്റ് പില്ലർ പണിത് ഇൻറർലോക്ക് ചെയ്യാനാണ് തീരുമാനം. എന്നാൽ, മണലിൽ വള്ളം കയറ്റിയിടുന്നതിന് നിർമാണം തടസമാകുമെന്നാണ് ആശങ്ക. ജെട്ടിയിൽ കൂടുതൽ മീനുള്ളപ്പോൾ ഇറക്കാനും മറ്റും സൗകര്യമാണെങ്കിലും ചെറിയ വള്ളങ്ങൾ പരമ്പരാഗത രീതിയിൽ മണലിൽ കയറ്റിയിടുന്നതാണ് എളുപ്പം . നൂറിലേറെ വരുന്ന ചെറിയ വള്ളക്കാരുടെ ആശങ്ക പരിഹരിക്കാൻ ഹാർബർ വികസന സമിതി യോഗത്തിൽ തുടർ നടപടിയുണ്ടാവുമെന്നാണ് പ്രതീക്ഷ. നടക്കുന്നത് 11.53 കോടിയുടെ വികസനമാണ് വെള്ളയിൽ ഹാർബറിൽ നടക്കുന്നത്. ഇതിൽ 60 മീറ്റർ നീളത്തിലുള്ള വാർഫ്, കാൻറിൻ, താഴ്ന്നുകൊണ്ടുള്ള പുതിയ ജെട്ടി, വലനെയ്യുന്ന ഷെഡ്, ചുറ്റുമതിൽ, ലോക്കർ റൂം, കടമുറികൾ, ടോയ്!ലറ്റ് ബ്ലോക്ക്, പാർക്കിങ് ഏരിയ എന്നിവയുടെ പണിയാണ് ഏറെക്കുറെ പൂർത്തിയായത്. ഹാർബറിനോട് ചേർന്ന് കടലിൽ ഡ്രഡ്ജിംഗ് നടത്തി ജെട്ടിയുടെ ആഴം കൂട്ടൽ, മീൻകയറ്റാനുള്ള മേൽക്കൂരയുള്ള ലോഡിങ് ഏരിയ, കുടിവെള്ളം വിതരണത്തിനുള്ള സംവിധാനങ്ങൾ, വൈദ്യുതിവത്കരണം, മാലിന്യ സംസ്കരണ പ്ലാൻറ് എന്നിവയുടെ പണിയാണ് പുരോഗമിക്കുന്നത്. എറണാകുളം ആസ്ഥാനമായ കരാറുകാരാണ് ജെട്ടിയുടെ പണികൾ നടത്തുന്നത്.

# ആദിവാസി കോളനി സന്ദർശനത്തിന് എത്തിയ ജില്ലാ കളക്ടർക്ക് മുന്നിൽ പരാതിപ്രളയം

കുളത്തൂപ്പുഴ: കിഴക്കൻ മേഖലയിലെ ആദിവാസി കോളനി സന്ദർശനത്തിനായി എത്തിയ ജില്ലാ കളക്ടർക്ക് മുന്നിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച പരാതികളുമായി കോളനി വാസികൾ. കുളത്തൂപ്പുഴഗ്രാമപഞ്ചായത്തിലെ പെരുവഴിക്കാല പട്ടികവർഗ കോളനിയിലെത്തിയ ജില്ലാ കളക്ടർ എൻ. ദേവീദാസിനോട് വീട്ടമ്മമാരും കുട്ടികളും പരാതി പറഞ്ഞു.

കേന്ദ്ര സംസ്ഥാന സർക്കാറുകൾ പട്ടികവർഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധിയായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും കിഴക്കൻ മലയോരമേഖലയിലെ കോളനികൾക്ക് ഇവയിൽ പലതും അന്യമാണ്. പെരുവഴിക്കാല, രണ്ടാംമൈൽ തുടങ്ങിയ ആദിവാസി കോളനികളിലേക്ക് സുഗമമായ യാത്രാ സൗകര്യം പോലുമില്ലെന്നു വ്യക്തമാക്കിയ നാട്ടുകാർ കോളനിയിലേക്കുള്ള ഏകവനപാതകുറച്ചു ഭാഗം മാത്രമേ കോൺക്രീറ്റ് ചെയ്തിട്ടുള്ളുവെന്നത് കളക്ടർക്ക് കാണിച്ചും ബോധ്യപ്പെടുത്തി. കോളനിക്കുള്ളിലെ പാതകളിൽ ഭൂരിഭാഗവും ഇപ്പോഴും കുണ്ടുംകുഴിയും ചാലുകളും നിറഞ്ഞ മൺപാത തന്നെയാണ്.അതിനാൽ തന്നെ ഇവിടേക്ക് സവാരി വിളിച്ചാൽ വാഹനങ്ങളൊന്നും വരാൻ തയാറാകില്ലെന്നും വനത്തിനുള്ളിലൂടെ കിലോ മീറ്ററുകൾ കാൽനടയായി സഞ്ചരിച്ചാൽ മാത്രമേ പുറം ലോകത്തേക്ക് എത്താൻ കഴിയുകയുള്ളുവെന്നും അവർ പറഞ്ഞു.

ദുരിതത്തിനു പുറമെ ദിനംപ്രതി ഏറിവരുന്ന കാട്ടുമൃഗങ്ങളുടെ ശല്യം നിമിത്തം കൃഷി ചെയ്തുപോലുംജീവിക്കാനാവാത്ത അവസ്ഥയാണെന്നും കോളനി വാസികൾ വ്യക്തമാക്കി. കോളനിയിലെ താമസക്കാരായ വിദ്യാർഥികളോട് കുട്ടികളുടെ വിദ്യാഭ്യാസ നിലവാരംസംബന്ധിച്ചും പ്രതിസന്ധികളെ കുറിച്ചുംകളക്ടറവിവരങ്ങളാരാഞ്ഞു. പന്നിശല്യത്തിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് കർഷകരും നാട്ടുകാരും പലതവണ ജില്ലാ ഭരണകൂടത്തിനും കൃഷിവകുപ്പിനും പരാതി നൽകിയെങ്കിലും ഫലമുണ്ടായിട്ടില്ല.

കാട്ടുപന്നികളായി പരിഗണിക്കാനാവാത്തതിനാൽ ഇക്കാര്യത്തിൽ വനംവകുപ്പും ഇടപെടുന്നില്ല. ഇതേ രീതിയിൽ നാട്ടിൽ വളർന്ന പന്നിക്കൂട്ടങ്ങളുടെ ശല്യം പരിഹരിക്കണമെന്നാവശ്യപ്പെട്ട് കാസർഗോഡ് മൊഗ്രാൽ, മധൂർ മേഖലയിലെ ജനപ്രതിനിധികളടക്കമുള്ളവർ നേരത്തേ ജില്ലാ കളക്ടർക്കും മൃഗസംരക്ഷണ വകുപ്പിനും നിവേദനം നൽകിയിരുന്നു തേടി. യുവജനങ്ങൾക്കായി പട്ടികവർഗ വികസന വകുപ്പ് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ലഭ്യമാക്കിയ മരം മുറി യന്ത്രം, വയറിംഗ് കിറ്റ് തുടങ്ങിയതൊഴിലുപകരണങ്ങൾ, തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽദിനങ്ങൾ പൂർത്തീകരിച്ചവർക്കുള്ള ഉപഹാരം തുടങ്ങിയവ ചടങ്ങിൽ വിതരണം ചെയ്തു.ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി. ലൈലാ ബീവി, ട്രൈബൽ ഡവലപ്മെൻറ് ഓഫീസർ വിധു മോൾ, ടിഇഒ. മുഹമ്മദ് ഷൈജു, ഊരുമൂപ്പൻമാരായ ബാബുകാണി, രഞ്ജിത്ത്, ഗ്രാമപഞ്ചായത്തംഗം അജിത തുടങ്ങിയവർ പങ്കെടുത്തു.

# മഞ്ഞുവയൽ വിമല യുപി സ്കൂളിൽ സയൻസ് എക്സ്പോ ഇന്ന് മുതൽ

കോടഞ്ചേരി: മഞ്ഞുവയൽ വിമല യുപി സ്കൂളിൽ സയൻസ് എക്സ്പോ 'ലൂമിയർ 2കെ 24' ഇന്ന് മുതൽ. എജ്യൂക്കേഷൻ എക്സ്പോയുടെ ഉദ്ഘാടനം രാവിലെ 11 ന് സ്കൂൾ അങ്കണത്തിൽ കോർപറേറ്റ് മാനേജർ ഫാ. ജോസഫ് പാലക്കാട്ട് നിർവഹിക്കും. ചടങ്ങിൽ സ്കൂൾ മാനേജർ ഫാ. ജോർജ് കറുകമാലിൽ, കോടഞ്ചേരി പഞ്ചായത്ത് പ്രസിഡൻറ അലക്സ് തോമസ് ചെമ്പകശേരി, ജില്ലാ പഞ്ചായത്ത് മെമ്പർ ബോസ് ജേക്കബ്, വാർഡ് മെമ്പർ റോസമ്മ കയത്തിങ്കൽ എന്നിവർ പങ്കെടുക്കും. രാവിലെ 11 മുതൽ രാത്രി എട്ട് വരെയാണ് പ്രദർശനം.

രണ്ടാം ദിവസം രാവിലെ ഒൻപതിന് തുടങ്ങി വൈകിട്ട് അഞ്ചിന് അവസാനിക്കും. കണ്ടും കേട്ടും അനുഭവിച്ചും സ്വായത്തമാക്കിയ ശാസ്ത്രസത്യങ്ങളെ സാമൂഹ്യ പ്രതിബദ്ധതയിലൂന്നി സമൂഹനന്മയ്ക്കായുള്ള ലളിതവത്കരണമാണ് 'ലൂമിയർ 2കെ 24'. മണ്ണ് പരിശോധന, ജലപരിശോധന, മെഡിക്കൽ കോളജിൻറെ പാത്തോളജി അനാട്ടമി,പ്ലാനറ്റോറിയം, ഫോറൻസിക് ലാബ്, ഗണിതശാസ്ത്രസാമൂഹ്യശാസ്ത്ര വിഭാഗത്തിൽപ്പെട്ട 70 ഓളം സ്റ്റാളുകൾ, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ടേക്ക് ഓഫ് ആൻഡ് ലാൻഡിങ്ങ് ഓഫ് ഏറോപ്ലെയിൻ, ഫയർ ആൻഡ് സേഫ്റ്റി, ഫുഡ് ഫെസ്റ്റ് എന്നിവയുടെ വിവിധ സ്റ്റോളുകൾ 'ലൂമിയർ 2കെ 24' ൻറെ ഭാഗമായിരിക്കുമെന്ന് ഹെഡ് മിസ്ട്രസ്സ് ആൻസി തോമസ്, അധ്യാപകരായ ഷബീർ, അനുപമ, സിസ്റ്റർ അൽഫോൻസ്, പിടിഎ പ്രസിഡൻറ് ബിജു കാട്ടേക്കുടിയിൽ എന്നിവർ അറിയിച്ചു.

# ജനപ്രതിനിധിയായി കാൽ നൂറ്റാണ്ട്; ലോക്സഭാ സീറ്റിൽ ചാഴികാടനിതു രണ്ടാമൂഴം

കോട്ടയം: ബാങ്കിംഗ് രംഗത്തുനിന്നു പൊതുപ്രവർത്തന രംഗത്തേക്കെത്തി കാൽനൂറ്റാണ്ട് ജനപ്രതിനിധിയായി തിളങ്ങിയ വ്യക്തിത്വമാണ് തോമസ് ചാഴികാടൻറേത്.

1991ൽ ഏറ്റുമാനൂർ നിയമസഭാ മണ്ഡലത്തിൽ സ്ഥാനാർഥിയായിരുന്ന സഹോദരൻ ബാബു ചാഴികാടൻറെ ആകസ്മിക വിയോഗത്തെത്തുടർന്നുണ്ടായ ഉപതെരഞ്ഞെടുപ്പിലൂടെയാണു തോമസ് ചാഴികാടൻ പൊതുപ്രവർത്തനരംഗത്തു കാലൂന്നുന്നത്.

കന്നിയങ്കത്തിൽ 1991ൽ ഏറ്റുമാനൂരിൽനിന്ന് നിയമസഭയിലെത്തിയ ചാഴികാടൻ, 1996,2001,2006 തെരഞ്ഞെടുപ്പുകളിലും തുടർച്ചയായി വിജയക്കൊടി നാട്ടി. 2019 ലോക്സഭാ തെരഞ്ഞെടുപ്പിൽ 1,06,259 വോട്ടിൻറെ ഭൂരിപക്ഷത്തിൽ കോട്ടയം പാർലമെൻറ് മണ്ഡലത്തിൽനിന്നു വിജയിച്ച കേരള കോൺഗ്രസ്എം വൈസ് ചെയർമാൻകൂടിയായ തോമസ് ചാഴികാടൻ പാർലമെൻറിലെ സാമൂഹ്യനീതി വകുപ്പിൻറെ സോഷ്യൽ ജസ്റ്റീസ് ആൻഡ് എംപവർമെൻറ് കമ്മിറ്റി സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം, റെയിൽവേ കൺസൾട്ടേറ്റീവ് കമ്മിറ്റി അംഗം, ഊർജ വകുപ്പിൻറെ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്ന സംസ്ഥാനതല കമ്മിറ്റിയായ ദിശയിലെ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു. മഹാത്മാഗാന്ധി സർവകലാശാല സെനറ്റംഗം, കാർഷിക സർവകലാശാല ജനറൽ കൗൺസിലംഗം, ജില്ലാ സഹകരണ ആശുപത്രി പ്രസിഡൻറ്, ആർച്ച്ബിഷപ് കുര്യാക്കോസ് കുന്നശേരി ഫൗണ്ടേഷൻ മാനേജിംഗ് ട്രസ്റ്റി, ബാബു ചാഴികാടൻ ഫൗണ്ടേഷൻ ചെയർമാൻ എന്നീ നിലകളിലും സംശുദ്ധമായ പൊതുജീവിതത്തിനുടമയാണ് തോമസ് ചാഴികാടൻ.

കേരള കോൺഗ്രസ്എം ഉന്നതാധികാര സമിതിയംഗം, ജനറൽ സെക്രട്ടറി, പാർലമെൻററി പാർട്ടി ഡെപ്യൂട്ടി ചെയർമാൻ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു. കോട്ടയം വെളിയന്നൂരിൽ ജനിച്ച തോമസ് ചാഴികാടൻ, അരീക്കര സെൻറ് റോക്കീസ് സ്കൂൾ, വെളിയന്നൂർ വന്ദേമാതരം സ്കൂൾ, ഉഴവൂർ ഔർ ലേഡി ഓഫ് ലൂർദ്സ് സ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. ഉഴവൂർ സെൻറ് സ്റ്റീഫൻസ്, കുറവിലങ്ങാട് ദേവമാതാ കോളജുകളിൽനിന്നു പ്രീഡിഗ്രിയും ബിരുദവും നേടി.

തുടർന്നു ചാർട്ടേർഡ് അക്കൗണ്ടൻറായി.

ഓഫീസറായി ജയിച്ച് ന്യൂ ബാങ്ക് ഓഫ് ഇന്ത്യയിൽ ചേർന്ന ചാഴികാടൻ മാനേജരായിരിക്കെയാണു പൊതുരംഗത്തിറങ്ങിയത്. അഡീഷണൽ ചീഫ് ടൗൺ പ്ലാനറായി വിരമിച്ച ആൻ ജേക്കബാണ് ഭാര്യ.

# വ്യാജ ഇൻസ്റ്റഗ്രാം അക്കൗണ്ട് നിർമിച്ച് പെൺകുട്ടികളെ ഭീഷണിപ്പെടുത്തിയ യുവാവ് അറസ്റ്റിൽ

കണ്ണൂർ: വ്യാജ ഇൻസ്റ്റഗ്രാം അക്കൗണ്ടുകൾ നിർമിച്ച് നിരവധി പെൺകുട്ടികളുമായി ചാറ്റ് ചെയ്ത് ബന്ധം സ്ഥാപിച്ചതിന് ശേഷം അവരുടെ സ്വകാര്യ ചിത്രം ശേഖരിച്ച് മോർഫ് ചെയ്യുകയും അതുപയോഗിച്ച് ഭീഷണിപ്പെടുത്തി ചൂഷണം ചെയ്യുകയും പണം തട്ടിയെടുക്കുകയും ചെയ്ത പ്രതിയെ സൈബർ പോലീസ് സ്റ്റേഷൻ പോലീസ് അറസ്റ്റ് ചെയ്തു. കപ്പക്കടവ് നുചിതോട് സ്വദേശി മുഹമ്മദ് സഫ്വാൻ (23) ആണ് അറസ്റ്റിലായത്.

ഏച്ചൂർ സ്വദേശിയായ പെൺകുട്ടിയുടെ പരാതിയിൽ രജിസ്റ്റർ ചെയ്ത കേസിൻറെ അന്വേഷണത്തിൽ പ്രതി സോഷ്യൽ മീഡിയയിൽനിന്നും നിരവധി യുവതികളുടെ ഫോട്ടോ ശേഖരിച്ചു വ്യാജ അക്കൗണ്ടുകൾ നിർമിച്ചു ഫോട്ടോകൾ ദുരുപയോഗം ചെയ്തതായി പോലീസിന് വിവരം ലഭിച്ചു.

ചെന്നൈയിൽ ഒളിവിൽ കഴിഞ്ഞു വരികയായിരുന്ന പ്രതി രണ്ടു ഫോണുകളും നാല് സിമ്മുകളും ഉപയോഗിച്ചായിരുന്നു കുറ്റകൃത്യത്തിൽ ഏർപ്പെട്ടിരുന്നത്.

ഒളിവിൽ കഴിഞ്ഞു വരുന്ന പ്രതി താമസ സ്ഥലത്ത് എത്തിയതായി രഹസ്യവിവരം ലഭിച്ചതിനെ തുടർന്ന് എസ് എച്ച്ഒ ഷാജു ജോസഫിൻറെ നേതൃത്വത്തിൽ സബ് ഇൻസ്പെക്ടർമാരായ സുഭാഷ് ചന്ദ്രൻ, ഉദയ കുമാർ, എഎസ്ഐ ജ്യോതി, എസ്സിപിഒ സിന്ധു, സിപിഒ അജിത്ത് എന്നിവർ ചേർന്ന് പ്രതിയെ അറസ്റ്റ് ചെയ്യുകയായിരുന്നു. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# കെഎസ്ആർടിസി കണ്ടക്ടർ ജീവനൊടുക്കിയ നിലയിൽ

കോഴിക്കോട്: കെഎസ് ആർടിസിയിലെ കണ്ടക്ടറെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തി. കോഴിക്കോട് കൂട്ടാലിട സ്വദേശി അനീഷ് കുമാറാണ് മരിച്ചത്. നഗരത്തിലെ ഒരു ലോഡ്ജിൽ മുറിയെടുത്ത ശേഷം അനീഷ് തൂങ്ങി മരിക്കുകയായിരുന്നു.

തിങ്കളാഴ്ച വൈകിട്ട് അനീഷിനെ കാണാനില്ലെന്ന് കാണിച്ച് ബന്ധുക്കൾ നൽകിയ പരാതിയിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ഇയാൾ കോഴിക്കോട്ട് ഉണ്ടെന്ന് വിവരം ലഭിച്ചത്. താമസിക്കുന്ന ലോഡ്ജിൽ പരിശോധിച്ചപ്പോഴാണ് മരണവിവരം പുറത്തറിയുന്നത്.

തൊട്ടിൽപ്പാലം ഡിപ്പോയിലെ കണ്ടക്ടറായിരുന്ന അനീഷിന് കഴിഞ്ഞ ദിവസങ്ങളിൽ കാസർഗോട്ടേയ്ക്ക് സ്ഥലം മാറ്റിയിരുന്നു. മരണകാരണം വ്യക്തമായിട്ടില്ല.

പോലീസ് സ്ഥലത്തെത്തി മേൽനടപടികൾ സ്വീകരിച്ചു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി.

# ജനപങ്കാളിത്തത്തോടെ ജലസുരക്ഷാ പ്രവർത്തനങ്ങൾക്ക് തുടക്കം

## *ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്
## *തെക്കൻ മേഖല ശിൽപശാല തിരുവനന്തപുരത്ത് സംഘടിപ്പിച്ചു

തിരുവനന്തപുരം : ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ജലബജറ്റ് തയ്യാറാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ രണ്ടാംഘട്ടമായി ജലസുരക്ഷാ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഇതു സംബന്ധിച്ച് ഇന്ന് (13022024) തിരുവനന്തപുരത്ത് നടന്ന 'ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്' ശിൽപശാലയിൽ പ്രായോഗിക തലത്തിൽ നടപ്പാക്കേണ്ട തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഓരോ സ്ഥലത്തേയും ജലസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രദേശവാസികളുടെ അഭിപ്രായം നിർണായകമാണെന്നും അതിനാൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കി ജലസുരക്ഷാ പ്രവർത്തനങ്ങൾ നിർവഹിക്കുമെന്നും ശിൽപശാലയ്ക്ക് നേതൃത്വം നൽകി സംസാരിച്ച നവകേരളം കർമപദ്ധതി കോർഡിനേറ്ററും ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ പറഞ്ഞു. ശാസ്ത്രീയ ജലസുരക്ഷാ പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട സാങ്കേതിക സഹായവും വിദഗ്ധ നിർദ്ദേശങ്ങളും ഹരിതകേരളം മിഷന്റെ ഏകോപനത്തിലൂടെ ജല അതോറിറ്റി, ജലവിഭവ വകുപ്പ്, മറ്റു മിഷനുകൾ, ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കും. മുൻഗണന നിശ്ചയിച്ചും സാമൂഹികവും പാരിസ്ഥിതികവുമായ ഘടകങ്ങളെ സാങ്കേതികമായി അപഗ്രഥിച്ചുമായിരിക്കണം ഓരോ പ്രദേശത്തും ജല സംരക്ഷണത്തിനും ജലസുരക്ഷയ്ക്കുമായ പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതെന്ന് ശിൽപശാലയിൽ പങ്കെടുത്തു സംസാരിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഡയറക്ടർ എ. നിസാമുദ്ദീൻ അഭിപ്രായപ്പെട്ടു. സി.ഡബ്ല്യു.ആർ.ഡി.എമ്മിൽ നിന്നും ശാസ്ത്രജ്ഞരായ സി.എം. സുശാന്ത് (റിട്ട.), ഡോ. ബി. വിവേക്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രോഗ്രാം ഓഫീസർ പി. ബാലചന്ദ്രൻ, ഹരിതകേരളം മിഷൻ അസി. കോർഡിനേറ്റർമാരായ എബ്രഹാം കോശി, ടി. പി. സുധാകരൻ, ഇറിഗേഷൻ പ്ലാനിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സുശീല ആർ. എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ശിൽപശാലയിൽ സംസാരിച്ചു. പാളയം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഭാഗ്യമാല ആഡിറ്റോറിയത്തിൽ നടന്ന ശിൽപശാലയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ജലബജറ്റ് തയ്യാറാക്കിയ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, ഹരിതകേരളം മിഷൻ, ജലസേചന വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി എന്നിവയിലെ സംസ്ഥാന ജില്ലാ ചുമതലക്കാർ തുടങ്ങിയവർ പങ്കെടുത്തു. നീരുറവ് നീർത്തട വികസന പദ്ധതി പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് ജലബജറ്റിൽ നിന്നും ജല സുരക്ഷയിലേക്ക് കാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. തൊഴിലുറപ്പ് പദ്ധതി ആസൂത്രണം, പട്ടികജാതി വിദ്യാർഥികൾക്കുള്ള മേശ, കസേര വിതരണം തുടങ്ങിയ പദ്ധതികളുടെ ഉദ്ഘാടനം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ നിർവഹിച്ചു.

*നെടുമങ്ങാട് നഗരസഭയുടെ 2023 24 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട വയോജനങ്ങൾക്കുള്ള കട്ടിൽ വിതരണം, പട്ടികജാതി വിദ്യാർഥികൾക്കുള്ള മേശ, കസേര വിതരണം തുടങ്ങിയ പദ്ധതികളുടെ ഉദ്ഘാടനം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ നിർവഹിച്ചു.*

# സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് 2023-24ന് അപേക്ഷിക്കാം

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാരും), സിഖ്, ബുദ്ധ, പാഴ്സി, ജൈന എന്നീ വിഭാഗങ്ങളിലെ വിദ്യാർഥിനികൾക്ക് ജനസംഖ്യാനുപാതികമായി 202324 അധ്യയന വർഷത്തേക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് (പുതിയത്) നല്കുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ വിഭാഗത്തിൽപെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച സ്വാശ്രയ മെഡിക്കൽ/എൻജിനിയറിങ് കോളേജുകളിൽ പഠിക്കുന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം.

ഒരു വിദ്യാർഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപ്പെന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം.

ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോയവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേക്കു അപേക്ഷിക്കാം. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും സ്ഥാപനമേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപന്ടിനായി അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്നത്. കുടുംബ വാർഷിക വരുമാനം എട്ടുലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽ കാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minortiywelfare.kerala.gov.in ലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേനയോ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 24. കൂടുതൽവിവരങ്ങൾക്ക്: 0471 2300524, 04712302090 .

# ലോക്സഭാ തിരഞ്ഞെടുപ്പ്: ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർ മുന്നൊരുക്കങ്ങൾ വിലയിരുത്തി

തിരുവനന്തപുരം : ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ മുന്നൊരുക്കങ്ങൾ ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർ അജയ് ബദു ഉന്നത ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ചയിൽ വിലയിരുത്തി. തിരഞ്ഞെടുപ്പ് കാലത്ത് അനധികൃത ലഹരി വസ്തുക്കളുടെ ഒഴുക്ക് തടയുന്നതിന് വിവിധ സർക്കാർ ഏജൻസികൾ ഏകോപിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹം പറഞ്ഞു. രാഷ്ട്രീയ അക്രമങ്ങൾ കർശനമായി നിയന്ത്രിക്കണം. അനധികൃത പണം തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്ന സാഹചര്യം ഒഴിവാക്കാനും കർശന നടപടി ഉണ്ടാകണമെന്നും ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർ പറഞ്ഞു.

സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ പൂർണ്ണമാണെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ സഞ്ജയ് കൗൾ പറഞ്ഞു. സ്റ്റേറ്റ് പോലീസ് നോഡൽ ഓഫീസറും ക്രമസമാധാന ചുമതലയുള്ള എഡിജിപിയുമായ എം ആർ അജിത് കുമാർ സംസ്ഥാന പോലീസിന്റെ തയ്യാറെടുപ്പുകളെ കുറിച്ച് വിശദീകരിച്ചു.

തെരഞ്ഞെടുപ്പ് കാലയളവിൽ സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വിവിധ എൻഫോഴ്സ്മെന്റ് ഏജൻസികളുമായും കൂടിക്കാഴ്ച നടത്തി.

സെൻട്രൽബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആന്റ് കസ്റ്റംസ്, സംസ്ഥാന ജിഎസ്ടി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ്, നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, എക്സൈസ് വകുപ്പ്, ഇൻകംടാക്സ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്, കോസ്റ്റ് ഗാർഡ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി എന്നിവയിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ നടത്തുന്ന ഒരുക്കങ്ങളെ കുറിച്ചും സുരക്ഷിതമായ തിരഞ്ഞെടുപ്പിന് ജില്ലകളിൽ പോലീസ് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചും ജില്ലാ കളക്ടർ മാരുമായും ജില്ലാ പോലീസ് മേധാവിമാരുമായും നടത്തിയ അവലോകന യോഗത്തിൽ വിലയിരുത്തി.

# സൗജന്യ ലാപ്ടോപ് വിതരണം: മാർച്ച് 16 വരെ അപേക്ഷിക്കാം

തിരുവനന്തപുരം : കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ 202324 അധ്യയന വർഷത്തിൽ പൊതുപ്രവേശന പരീക്ഷയിലൂടെ മെറിറ്റിൽ അഡ്മിഷൻ ലഭിച്ച് എം.ബി.ബി.എസ്, എൻജിനിയറിങ്, എം.സി.എ, എം.ബി.എ, എം.എസ്സി നഴ്സിങ്, ബി.എസ്സി നഴ്സിങ്, ബി.ഡി.എസ്. ബി.ഫാം, എം.ഫാം,

ഫാംഡി, ബി.എസ്സി ഫോറസ്ട്രി, എം.എസ്സി അഗ്രികൾച്ചർ, ബി.എസ്സി അഗ്രികൾച്ചർ, എം.വി.എസ്സി, ബി.വി.എസ്സി, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.എസ്.എം.എസ്, എൽ.എൽ.ബി, എൽ.എൽ.എം, ഓൾ പോസ്റ്റ് ഡോക്ടറൽ ഡിഗ്രി കോഴ്സുകൾക്ക് പഠിച്ചു കൊണ്ടിരിക്കുന്നവർക്കു സൗജന്യമായി ലാപ്ടോപ് വിതരണം ചെയ്യുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 16. അപേക്ഷയും മറ്റ് വിവരങ്ങളും എല്ലാ ജില്ലാ ഓഫീസുകളിലും kmtwwfb.org യിലും ലഭിക്കും.

# അപേക്ഷ ക്ഷണിക്കുന്നു

തിരുവനന്തപുരം : ആറ്റിങ്ങൽ ഗവ ഐ ടി ഐ യിൽ 20172019 കാലയളവിൽ സെമസ്റ്റർ സമ്പ്രദായത്തിൽ രണ്ടു വർഷ ട്രേഡിൽ പ്രവേശനം നേടിയതും ഇനിയും പരീക്ഷ വിജയിക്കാനുള്ള ട്രെയിനികളിൽ നിന്നും 2024 മാർച്ചിൽ നടക്കുന്ന പ്രാക്ടിക്കൽ, എഞ്ചിനീയറിംഗ് ഡ്രോയിംഗ് , CBT സപ്ളിമെന്ററി പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു.

ഇനിയും പരീക്ഷ എഴുതാൻ താല്പര്യമുള്ള ട്രെയിനികൾ ഫെബ്രുവരി 15ന് വൈകിട്ട് 5 മണിക്ക് മുൻപ് ഐ ടി ഐ യിൽ നേരിട്ട് ഹാജരായി പ്രിൻസിപ്പാൾ മുൻപാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പരീക്ഷ എഴുതുന്നതിന് ഇനി ഒരവസരം ഉണ്ടായിരിക്കുന്നതല്ല എന്നറിയിക്കുന്നു.

# ചെങ്കടലിൽ അമേരിക്കൻ ചരക്ക് കപ്പലിന് നേരെ മിസൈൽ ആക്രമണം

മനാമ : ചെങ്കടലിൽ അമേരിക്കയുടെ ഉടമസ്ഥതയിലുള്ള കപ്പലിന് നേരെ ഹൂതി മിസൈൽ ആക്രമണം. സ്റ്റാർ ഐറിസ് എന്ന ചരക്ക് കപ്പലിനെ ലക്ഷ്യമിട്ട് തങ്ങളുടെ നാവിക സേന ആക്രമണം നടത്തിയതായി ഇറാൻ പിൻതുണയുള്ള ഹൂതികൾ തിങ്കളാഴ്ച വൈകീട്ട് പ്രസ്താവനയിൽ പറഞ്ഞു.

തിങ്കളാഴ്ച പുലർച്ചെ പ്രാദേശിക സമയം നാലരയോടെയാണ് ആക്രമണം ഉണ്ടായത്. യെമനിലെ തീരദേശ നഗരമായ അൽ മുക്കക്ക് തെക്ക് 74 കിലോ മീറ്റർ അകലെ ചെങ്കടലിൽ രണ്ട് മിസൈലുകൾ ഉപയോഗിച്ച് കപ്പൽ ആക്രമിച്ചതായി ബ്രിട്ടീഷ് സമുദ്ര വാണിജ്യ സംഘടന സ്ഥിരീകരിച്ചു. 20 മിനിറ്റിനിന്റെ വ്യത്യാസത്തിൽ കപ്പലിൽ രണ്ട് മിസൈലുകളും പതിച്ചു. ജീവനക്കാർ സുരക്ഷിതരാണെന്നും കപ്പൽ അടുത്ത തുറമുഖത്തേക്ക് പോകുകയാണെന്നും സംഘനയുടെ റിപ്പോർട്ടിൽ പറയന്നു.

ജനുവരി 12 ന് ബ്രസീലിലെ വിലാ ഡോ കോണ്ടെ തുറമുഖത്ത് നിന്ന് പുറപ്പെട്ട കപ്പൽ ഇറാനിലെ ബന്ദർ ഇമാം ഖൊമേനി തുറമുഖത്തേക്ക് പോവുകയായിരുന്നുവെന്ന് മറൈൻ ട്രാഫിക്കിൽ നിന്നുള്ള എഐഎസ് ഡാറ്റ കാണിക്കുന്നു. മിസൈൽ ഏറ്റ് കപ്പലിന്റെ സ്റ്റാർബോർഡ് ഭാഗത്ത് കേടുപാട് പറ്റിയതായി സമുദ്ര ഗതാഗത സുരക്ഷാ ഏജൻസിയായ ആംബ്രെ അറിയിച്ചു.

യെമന് എതിരെയുള്ള അമേരിക്കൻ ആക്രമണത്തിന് തിരിച്ചടിയായാണ് ആക്രമണമെന്ന് ഹൂതി സൈനിക വക്താവ് യഹ്യ സാരി പറഞ്ഞു. അനുയോജ്യമായ നാവിക മിസൈലുകൾ ഉപയോഗിച്ചുള്ള ആക്രമണം കൃത്യവും നേരിട്ടുള്ളതുമായിരുന്നെന്നും അവകാശപ്പെട്ടു. ഗാസയിൽ ഇസ്രയേൽ അധിനിവേശ ആക്രമണം അവസാനിപ്പിക്കുംവരെ ഇസ്രയേൽ താൽപ്പര്യങ്ങൾക്കെതിരെ ചെങ്കടലിൽ ആക്രമണം തുടരുമെന്നും സാരി പറഞ്ഞു. നവംബർപ മുതൽ വാണിജ്യ കപ്പലുകൾക്ക് നേരെ നടക്കുന്ന 51ാമത്തെ ആക്രമണമാണിത്.

അമേരിക്കയിലെ നാസ്ഡാക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത ഗ്രീസ് ആസ്ഥാനമായ സ്റ്റാർ ബൾക്ക് കാരിയേഴ്സ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതാണ് 20 വർഷം പഴക്കമുള്ള കപ്പൽ. കഴിഞ്ഞ ആറിന് മറ്റൊരു സ്റ്റാർ ബൾക്ക് കപ്പലായ സ്റ്റാർ നാസിയ കംസർമാക്സിന് മൂന്ന് മിസൈലുകൾ ഏറ്റ് ചെറിയ കേടുപാടുകൾ സംഭവിച്ചിരുന്നു.

# ഓട്ടോയിൽ നിന്നിറങ്ങിയ നാലു വയസ്സുകാരനെ എതിരെ വന്ന കാറിടിച്ചു

ഉരുവച്ചാൽ : ഓട്ടോയിൽ നിന്ന് മാതാവിനോടൊപ്പം ഇറങ്ങിയ 4 വയസ്സുകാരനെ എതിരെ വന്ന കാർ ഇടിച്ചു. കുട്ടി നിസ്സാര പരുക്കോടെ രക്ഷപ്പെട്ടു. കയനി സ്കൂളിന് സമീപത്തെ വീടിന് മുന്നിൽ വൈകിട്ടാണ് സംഭവം. കയനിയിലെ പി.കെ.ഹൗസിൽ ഷമീറിന്റെ മകൻ മുഹമ്മദ് അബാൻ (4) ആണ് അദ്ഭുതകരമായി രക്ഷപ്പെട്ടത്. കയനിയിലെ വീടിനു സമീപം മാതാവിന്റെ കൂടെ ഓട്ടോയിൽ നിന്ന് ഇറങ്ങിയ കുട്ടി ഓട്ടോയുടെ പിറകിലൂടെ റോഡിലേക്ക് നേരെ നടക്കുകയും എതിർ ഭാഗത്തു നിന്നു വന്ന കാറിൽ ഇടിച്ച് തെറിച്ച് റോഡിലേക്ക് വീഴുകയുമായിരുന്നു. കാൽമുട്ടിന് ചെറിയ പരുക്കുണ്ട്. ഉടൻ തന്നെ മട്ടന്നൂരിലെ ആശുപത്രിയിൽ ചികിത്സതേടി. കുട്ടിയുടെ ഉമ്മറഹീനയും ബന്ധുവും ഓട്ടോയുടെ പൈസ കൊടുക്കുന്നതിനിടെയാണ് കുട്ടി റോഡിലേക്കിറങ്ങി നടന്നത്. കുട്ടി നടന്നു നീങ്ങുന്നത് കൂടെയുള്ളവരുടെ ശ്രദ്ധയിൽപ്പെട്ടില്ല. സമീപത്തെ വീട്ടിലെ സിസിടിവി ദൃശ്യം പ്രചരിക്കുന്നുണ്ട്.

ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് നടന്ന ഉന്നത തല യോഗത്തിൽ കേന്ദ്ര തെരഞ്ഞെടുപ്പ് ഡെപ്യൂട്ടി കമ്മിഷണർ അജയ് ബദു ഒരുക്കങ്ങൾ വിലയിരുത്തുന്നു

# വിശദീകരണ നോട്ടീസ് കെഎസ്ഐഡിസി അവഗണിച്ചെന്ന് കേന്ദ്രസർക്കാർ

കൊച്ചി: മാസപ്പടി കേസിൽ കെഎസ്ഐഡിസിയുടെ നിശബ്ദത ദുരൂഹമെന്ന് കേന്ദ്രസർക്കാർ. വിശദീകരണം നൽകണമെന്ന ആർഒസി നോട്ടീസ് കെഎസ്ഐഡിസി അവഗണിച്ചുവെന്നാണ് ആരോപണം. ഷോൺ ജോർജിന്റെ പരാതിയിലാണ് കെഎസ്ഐഡിസിയോട് വിശദീകരണം തേടിയിരുന്നത്. എന്നാൽ നിശ്ചിത സമയപരിധിക്കുള്ളിൽ മറുപടി നൽകിയില്ല. ഇക്കാര്യം കോർപറേറ്റ് കാര്യ മന്ത്രാലയത്തെ അറിയിച്ചിരുന്നു. സമയപരിധി കഴിഞ്ഞ ശേഷം കെഎസ്ഐഡിസിയുടെ ഇമെയിൽ കിട്ടി. എന്നാൽ ആരോപണങ്ങൾക്ക് മറുപടി ഉണ്ടായിരുന്നില്ല. ആർഒസിയുടെ കത്ത് കിട്ടി എന്നതിന്റെ ഔദ്യോഗിക മറുപടി മാത്രമായിരുന്നു അത്. ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിലാണ് കേന്ദ്ര സർക്കാരിനായി ആർഒസിയുടെ മറുപടി. ആരോപണങ്ങളിൽ സ്വയം പ്രതിരോധിക്കാൻ പോലും കെഎസ്ഐഡിസി ശ്രമിച്ചില്ലെന്നും കെഎസ്ഐഡിസിയുടെ നിശബ്ദത ഒരുപാട് ദുരൂഹതകൾ ഉണർത്തുന്നതാണെന്നും ആർഒസി പറഞ്ഞു. തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി കെഎസ്ഐഡിസിയുടെ പ്രതിനിധി ഡയറക്ടർ ബോർഡിൽ ഉണ്ടെന്ന് സിഎംആർഎല്ലും അറിയിച്ചിരുന്നു. അന്വേഷണത്തിൽ പൊതുതാല്പര്യം ഇല്ലെന്ന കെഎസ്ഐഡിസി വാദം നിലനിൽക്കില്ല. സിഎംആർഎൽ കമ്പനിയിലെ രണ്ടാമത്തെ ഷെയർഹോൾഡറാണ് കെഎസ്ഐഡിസി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മുൻ നെതർലൻഡ് പ്രധാനമന്ത്രിക്കും ഭാര്യയ്ക്കും ദയാവധം

ആംസ്റ്റർഡാം: നെതർലൻഡ്സ് പ്രധാനമന്ത്രിയായിരുന്ന ഡ്രൈസ് വാൻ ആഗ്റ്റ്, ഭാര്യ യുജെനി വാൻ ആഗ്റ്റിനൊപ്പം 93 ാം വയസിൽ ദയാവധത്തിനു വിധേയനായി. 1977 മുതൽ 1982 വരെ നെതർലൻഡ്സിലെ ക്രിസ്ത്യൻ ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രധാനമന്ത്രിയായിരുന്നു ഡ്രൈസ് വാൻ. ഇരുവരും കൈകോർത്തു പിടിച്ചാണ് മരണം വരിച്ചതെന്ന് ദയാവധം നടപ്പാക്കിയ മനുഷ്യാവകാശ സംഘടന ദ ഫൈറ്റ്സ് ഫോറം അറിയിച്ചു. ഫെബ്രുവരി അഞ്ചിനാണ് ദയാവധം നടപ്പാക്കിയതെന്നാണ് റിപ്പോർട്ട്. നിജ്മെഗൻ എന്ന നെതർലാൻഡ്സിലെ കിഴക്കൻ നഗരത്തിൽ സംസ്കാര ചടങ്ങുകൾ നടന്നു.

പലസ്തീൻ അനുകൂല നിലപാടുകളാണ് ഡ്രൈസ് വാനിനെ ഡച്ച് രാഷ്ട്രീയത്തിൽ നിന്നും തുടച്ചുനീക്കിയത്. ക്രിസ്ത്യൻ ഡെമോക്രാറ്റിക് പാർട്ടിയുടെ നേതാവായിരുന്നെങ്കിലും പിന്നീട് അദ്ദേഹം പുരോഗമനവാദിയായി. 2019ൽ പ്രസംഗത്തിനിടെ മസ്തിഷ്ക രക്തസ്രാവമുണ്ടായി. ഇതിൽ നിന്നും മുക്തനാകാൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. അവസാനസമയത്ത് ഡ്രൈസ് വാനും ഭാര്യയും അവശതയിലായിരുന്നു. 2002 മുതൽ നെതർലൻഡ്സിൽ ദയാവധം നിയമാനുസൃതമാണ്. ഒരു വർഷം ആയിരം പേരെങ്കിലും ദയാവധത്തിനു വിധേയരാകുന്നുണ്ട്. ദമ്പതികൾ ഒരുമിച്ചു ദയാവധം തിരഞ്ഞെടുക്കുന്ന പ്രവണതയും രാജ്യത്തു കൂടുന്നുണ്ട്. കഴിഞ്ഞവർഷം അമ്പതോളം ദമ്പതികളാണ് ദയാവധത്തിനു വിധേയരായത്.

# ഇറാഖിൽ വ്യോമാക്രമണം; ഇറാൻ അനുകൂല കമാൻഡറെ വധിച്ചതായി യുഎസ്

ബാഗ്ദാദ്: ഇറാഖിൽ അമേരിക്ക നടത്തിയ വ്യോമാക്രമണത്തിൽ ഇറാൻ അനുകൂല ഭീകരസംഘടനയിലെ മുതിർന്ന കമാൻഡർ കൊല്ലപ്പെട്ടു. അബു ബക്കർ അൽസാദി എന്ന!യാളാണ് കൊല്ലപ്പെട്ടതെന്ന് കതാബ് ഹിസ്ബുള്ളയുടെ അംഗം സ്ഥിരീകരിച്ചു. യുഎസ് സേനയ്ക്കെതിരായ ആക്രമണങ്ങൾ നേരിട്ട് ആസൂത്രണം ചെയ്യുന്നതിനും അതിൽ പങ്കെടുക്കുന്നതിനും ഉത്തരവാദിയായ ഒരു കതാബ് ഹിസ്ബുള്ള കമാൻഡർ ആക്രമണത്തിൽ കൊല്ലപ്പെട്ടുവെന്നും മറ്റ് നാശനഷ്ടങ്ങളൊന്നുമില്ലെന്നും യുഎസ് സെൻട്രൽ കമാൻഡ് (സെൻറ്കോം) പറഞ്ഞു.

കിഴക്കൻ ബാഗ്ദാദിൻറെ സമീപപ്രദേശമായ മച്ചലിൽ നടത്തിയ ആക്രമണത്തിൽ രണ്ട് കതാബ് ഹിസ്ബുള്ള നേതാക്കളും അവരുടെ ഡ്രൈവറും മരിച്ചതായി ആഭ്യന്തര മന്ത്രാലയ ഉദ്യോഗസ്ഥൻ പറഞ്ഞു.

ജനുവരി 28 ന് ജോർദാനിൽ മൂന്ന് അമേരിക്കൻ സൈനികർ കൊല്ലപ്പെട്ടതിനെത്തുടർന്ന് ഇറാഖിലെയും സിറിയയിലെയും ഇറാൻ പിന്തുണയുള്ള ഭീകരകേന്ദ്രങ്ങളിൽ അമേരിക്ക നിരവധി വ്യോമാക്രമണങ്ങൾ നടത്തിയിരുന്നു.

# ഒമാനിൽ ഒഴുക്കിൽപെട്ട് മരിച്ച യുവാവിനെ തിരിച്ചറിഞ്ഞു

മസ്കറ്റ്: ഒമാനിൽ ഒഴുക്കിൽപെട്ട് മരിച്ച യുവാവിനെ തിരിച്ചറിഞ്ഞു. ആലപ്പുഴ സ്വദേശിയായ അബ്ദുൽ വാഹിദ്(28) ആണ് മച്ചത്. മൃതദേഹം ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

കളിപ്പാട്ടം വിൽക്കുന്ന വാനിൻറെ ഡ്രൈവറായി ജോലിചെയ്തിരുന്ന അബ്ദുൽ വാഹിദ് കച്ചവടത്തിനായി പോകുന്ന വഴി വെള്ളപ്പാച്ചിലിൽപ്പെടുകയായിരുന്നു.

നടപടി ക്രമങ്ങൾ പൂർത്തിയാക്കി മൃതദേഹം ഉടൻ നാട്ടിലെത്തിക്കുമെന്ന് അധികൃതർ പറഞ്ഞു. ഒമാനിലെ ശർഖിയ ഗവർണറേറ്റിലെ ഹിബ്ര മേഖലയിലാണ് സംഭവം.

# അബുദാബിയിലെ ആദ്യ ഹിന്ദു ക്ഷേത്രം ഇന്ന് തുറക്കും

അബുദാബി: അബുദാബി ഹിന്ദു ക്ഷേത്രം ഇന്ന് സമർപ്പിക്കും. പ്രധാനമന്ത്രി നരേന്ദ്ര മോഡിയാണ് ഉദ്ഘാടനം നിർവഹിക്കുന്നത്. അബുദാബിയിൽ നടക്കുന്ന മെഗാ 'അഹ്ലൻ മോഡി' പരിപാടിക്ക് 35,000 മുതൽ 40, 000 വരെ ആളുകൾ ആതിഥേയത്വം വഹിക്കുമെന്നാണ് റിപ്പോർട്ടുകൾ. അബുദാബിയിലെ ആദ്യത്തെ ഹിന്ദു ക്ഷേത്രമാണിത്. രണ്ട് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോഡി ഇന്നലെ യുഎഇയിൽ എത്തി. പശ്ചിമേഷ്യയിലെ തന്നെ ആദ്യത്തെ പരമ്പരാഗത ഹിന്ദു ക്ഷേത്രമാണിത്. ബിഎപിഎസ് ഹിന്ദു ക്ഷേത്രം എന്നാണ് ഇത് അറിയപ്പെടുന്നത്. 700 കോടി രൂപ ചെലവിൽ നിർമ്മിച്ച ഈ ക്ഷേത്രത്തിന് 1000 വർഷത്തെ ഉറപ്പുണ്ടെന്നാണ് അധികൃതർ വ്യക്തമാക്കുന്നത്. പിങ്ക് മണൽക്കല്ലിലാണ് ക്ഷേത്രം നിർമ്മിച്ചിരിക്കുന്നത്. അബുദാബി സായിദ് സ്പോർട്സ് സിറ്റി സ്റ്റേഡിയത്തിലാണ് 'അഹ്ലാൻ മോദി' സമ്മേളനം നടക്കുന്നത്.

അബുദാബിയിലെത്തിയ പ്രധാനമന്ത്രിയെ യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ സ്വീകരിച്ചു. പ്രധാനമന്ത്രിക്ക് ഗാർഡ് ഓഫ് ഓണറും നൽകി. അധികാരമേറ്റതിനുശേഷം മോഡിയുടെ ഏഴാമത് യുഎഇ സന്ദർശനമാണിത്. യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി അദ്ദേഹം കൂട്ടിക്കാഴ്ച നടത്തി. കൂടാതെ ഇന്ന് ദുബായിൽ നടക്കുന്ന ലോക ഗവൺമെന്റ് ഉച്ചകോടിയിൽ പ്രധാനമന്ത്രി മോഡി ലോക നേതാക്കളെയും അഭിസംബോധന ചെയ്യും.

# സർക്കാർ രൂപീകരണ ചർച്ചയിൽ നവാസും ബിലാവലും

ഇസ്ലാമാബാദ്: പാക്കിസ്ഥാനിൽ ഇമ്രാൻ ഖാൻറെ പിടിഐ പാർട്ടി പ്രതിപക്ഷത്തിരിക്കാൻ തീരുമാനിച്ചതോടെ നവാസ് ഷരീഫിൻറെ പിഎംഎൽഎന്നും ബിലാവൽ സർദാരി ഭൂട്ടോയുടെ പിപിയും ചേർന്ന് സർക്കാർ രൂപീകരണത്തിനു വഴിതെളിഞ്ഞു. നവാസ് നാലാംവട്ടം പ്രധാനമന്ത്രിയാകുമെന്നാണു സൂചനകൾ.ഏറ്റവും കൂടുതൽ സീറ്റ് നേടിയെങ്കിലും സർക്കാർ രൂപീകരണത്തിനില്ലെന്നു പിടിഐ നേതാവ് ഗോഹർ അലി ഖാൻ ഇന്നലെ അറിയിക്കുകയായിരുന്നു.നവാസിൻറെയും ബിലാവലിൻറെയും പാർട്ടി നേതാക്കൾ സഖ്യകക്ഷി സർക്കാരിനുള്ള ചർച്ചകൾ ഊർജിതമാക്കിയിട്ടുണ്ട്. അധികാരം പങ്കുവയ്ക്കുന്നതു സംബന്ധിച്ച അവകാശവാദങ്ങളും തർക്കങ്ങളും പറഞ്ഞുതീർക്കുകയാണു ലക്ഷ്യം.

നവാസിനു പ്രധാനമന്ത്രിപദം നല്കുന്ന ഫോർമുല സജീവമാണെന്നു റിപ്പോർട്ടുകളിൽ പറയുന്നു.

ബിലാവലിൻറെ പിപിപിക്ക് പ്രസിഡൻറ് പദവിയും എംക്യുഎംപി പോലുള്ള ചെറുകിട പാർട്ടികൾക്ക് സ്പീക്കർപദവിയും ലഭിക്കാം. അഞ്ചുവർഷ ഭരണത്തിലെ ആദ്യ മൂന്നു വർഷം നവാസും പിന്നീട് ബിലാവലും പ്രധാനമന്ത്രിയാകുന്ന മറ്റൊരു ഫോർമുലയും ചർച്ചകളിൽ സജീവമാണ്.ഇതിനിടെ ഇമ്രാൻ പക്ഷക്കാരനടക്കം ആറു സ്വതന്ത്രർ നവാസിനു പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.വ്യാഴാഴ്ചത്തെ തെരഞ്ഞെടുപ്പിൽ, ജയിലിൽ കഴിയുന്ന മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാൻറെ പിടിഐ പാർട്ടി സ്ഥാനാർഥികൾ സ്വതന്ത്രരായി മത്സരിച്ച് 93 സീറ്റുകളാണു നേടിയത്. തെരഞ്ഞെടുപ്പു കമ്മീഷൻറെ നിരോധനം മറികടക്കാനാണു സ്വതന്ത്രരായി മത്സരിക്കേണ്ടിവന്നത്.

# രണ്ട് ബന്ദികളെ മോചിപ്പിച്ചതായി ഇസ്രയേൽ

ഗാസ സിറ്റി: ഗാസയിൽ നിന്ന് രണ്ട് ബന്ദികളെ മോചിപ്പിച്ചതായി ഇസ്രയേൽ സൈന്യം. ഫെർണാണ്ടോ സൈമൺ മർമാൻ, ലൂയിസ് ഹാർ എന്നിവരെയാണ് അതിർത്തി പട്ടണമായ റാഫയിലെ കെട്ടിടത്തിൽ നിന്ന് രക്ഷപ്പെടുത്തിയത്. ഇരുവരുടെയും ആരോഗ്യ നില തൃപ്തികരമാണ്. കിബ്ബത്ത്സ് നിർ യിഷാക്കിൽ നിന്നാണ് ഇരുവരെയും ഹമാസ് തട്ടിക്കൊണ്ടുപോയത്.

അതേസമയം, ഇസ്രയേൽ സൈന്യത്തിന്റെ റെയ്ഡിൽ 50 പേർ കൊല്ലപ്പെട്ടതായി പലസ്തീൻ അധികൃതർ അറിയിച്ചു. നവംബറിൽ ഒരാഴ്ച നീണ്ടുനിന്ന വെടിനിർത്തലിൽ 100ലധികം ബന്ദികളെ മോചിപ്പിച്ചിരുന്നു. റാഫയിൽ സൈനിക പദ്ധതി നടപ്പിലാക്കുന്നതിനെതിരെ യുഎസ് പ്രസിഡന്റ് ജോ ബൈ!ഡൻ ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന് മുന്നറിയിപ്പ് നൽകിയതിന് പിന്നാലെയാണ് റെയ്ഡ് നടന്നതെന്ന് വൈറ്റ് ഹൗസ് പറഞ്ഞു.

# അരിക്കൊമ്പൻ ചരിഞ്ഞോ; വിശദീകരണവുമായി തമിഴ്നാട് വനംവകുപ്പ്

കാട്ടാക്കട: അരിക്കൊമ്പൻ ചരിഞ്ഞതായി സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വ്യാജ വാർത്തകൾക്കെതിരെ തമിഴ്നാട് വനംവകുപ്പ് രംഗത്തെത്തി. വാർത്തകൾ ദുരുദ്ദേശ്യപരമാണെന്നും കളക്കാട് മുണ്ടന്തുറ കടുവാ സങ്കേതത്തിലെ അപ്പർ കോതയാർ അണക്കെട്ട് പ്രദേശത്ത് അരിക്കൊമ്പനുള്ളതായും വനം വകുപ്പ് അധികൃതർ പറഞ്ഞു.

അരിക്കൊമ്പനെ നിരീക്ഷിക്കാനായി പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്. അരിക്കൊമ്പൻ ആരോഗ്യവാനാണ്. മനുഷ്യ വാസസ്ഥലങ്ങളിൽ നിന്ന് ഏറെ ദൂരെയാണ് ആനയുടെ സ്ഥാനം. റേഡിയോ കോളറിൽ നിന്ന് കൃത്യമായി സിഗ്നലുകൾ ലഭിക്കുന്നുണ്ട്. ഒരു ദിവസം ശരാശരി മൂന്ന് കിലോമീറ്റർ ദൂരമാണ് ആന സഞ്ചരിക്കുന്നത്. അരിക്കൊമ്പൻറെ ആറ് ദിവസത്തെ റൂട്ട് മാപ്പും വനംവകുപ്പ് പുറത്തുവിട്ടു.

ഇടുക്കിയിലെ വനമേഖലയിൽ നിന്ന് ആദ്യം പിടികൂടി 2023 ജൂണിൽ തിരുനെൽവേലിയിലെ കളക്കാട് മുണ്ടന്തുറ ടൈഗർ റിസർവിലെ (കെഎംടിആർ) കോതയാർ മേഖലയിലേക്ക് മാറ്റിയ ആന ആരോഗ്യവാനാണെന്ന് വകുപ്പ് അറിയിച്ചു.

അരിക്കൊമ്പൻറെ മരണത്തെക്കുറിച്ചുള്ള സോഷ്യൽ മീഡിയ റിപ്പോർട്ടുകൾ 'ക്ഷുദ്രകരവും വ്യാജവുമാണ്' എന്ന് കെഎംടിആർ കൺസർവേറ്ററും ഫീൽഡ് ഡയറക്ടറുമായ മാരിമുത്തു പറഞ്ഞു. കെഎംടിആറിലാണ് ആനയെ വിട്ടയച്ചതെന്നും അപ്പർ കോടയാർ അണക്കെട്ട് പ്രദേശത്ത് നല്ല നിലയിൽ സ്ഥിരതാമസമാക്കിയതായി നിരീക്ഷിച്ചിട്ടുണ്ടെന്നും വനം കൺസർവേറ്റർ പറഞ്ഞു.

# അമേരിക്കയിൽ നാലംഗ മലയാളി കുടുംബം മരിച്ചനിലയിൽ

കലിഫോർണിയ: കൊല്ലം സ്വദേശികളായ നാലംഗ കുടുംബത്തെ കാലിഫോർണിയായിൽ മരിച്ചനിലയിൽ കണ്ടെത്തി. കൊല്ലം ഫാത്തിമാമാതാ കോളജ് മുൻ പ്രിൻസിപ്പൽ പട്ടത്താനം വികാസ് നഗർ 57ൽ ഡോ. ജി. ഹെൻറിയുടെ മകൻ ആനന്ദ് സുജിത് സുജിത് ഹെൻറി (42), ഭാര്യ ആലീസ് പ്രിയങ്ക (40), ഇരട്ടക്കുട്ടികളായ നോഹ, നെയ്തൻ (4) എന്നിവരാണ് മരിച്ചത്. തണുപ്പിനെ പ്രതിരോധിക്കാനായി ഉപയോഗിച്ച ഹീറ്ററിൽനിന്നുയർന്ന വാതകം ശ്വസിച്ചതാകാം മരണകാരണമെന്നാണ് സൂചന. അന്വേഷണം ആരംഭിച്ചതായും കൂടുതൽ കാര്യങ്ങൾ വെളിപ്പെടുത്താനാകില്ലെന്നും സാൻ മറ്റേയോ പോലീസ് പറഞ്ഞു. ഗൂഗിളിൽ ജോലി ചെയ്യുകയായിരുന്ന ആനന്ദ് അടുത്തിടെയാണ് ജോലി രാജിവച്ചു സ്റ്റാർട്ടപ് തുടങ്ങിയത്. ആലീസ് പ്രിയങ്ക സീനിയർ അനലിസ്റ്റായി ജോലി ചെയ്യുകയായിരുന്നു. ഇന്ത്യൻ സമയം തിങ്കളാഴ്ച രാത്രി 7.45 നാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്.

# അരശ്ശ് വഴിമാറി; വികസന കുതിപ്പിൽ ആനയറ

**യേശുദാസ് വില്യം**

തിരുവനന്തപുരം;പേട്ട ആനയറ അരശുംമൂട്ടിലെ പ്രസിദ്ധമായ വലിയ ആൽമരം ഇനി ഓർമ്മകളിൽ മാത്രം. റോഡ് വികസനത്തിന്റെ ഭാഗമായി പേരാൽ മുറിച്ചുമാറ്റിയപ്പോൾ പതിറ്റാണ്ടുകളായി ആനയറ മഹാദേവക്ഷേത്രത്തിന്റെ കവാടത്തിൽ തണലേകി കരുതലോടെ തലയുയർത്തിനിന്ന അമ്മത്തണലാണ് ഇല്ലാതായതെന്ന് തണൽപറ്റി ജീവിച്ചവർ പറയുന്നു.പേട്ട ആനയറ ഓരുവാതിൽക്കോട്ട മാതൃകാ റോഡ് യാഥാർത്ഥ്യമാകുന്നതിന്റെ മുന്നോടിയായിട്ടാണ് മരം മുറിക്കൽ നടന്നത്.നഗരത്തിന്റെ വികസന പ്രക്രിയയിൽ പ്രധാനപ്പെട്ട ഭാഗമാണ് ഇപ്പോൾ ആനയറ.ഒരുകാലത്ത് നഗരപ്രാന്തത്തിൽ ഒറ്റപ്പെട്ട തുരുത്തായി കിടന്ന പ്രദേശം ഇപ്പോൾ നഗരത്തിലെ പ്രധാന ഫോക്കൽ പോയിന്റാണ്. ആനയറയുടെ ചുറ്റളവിൽ ലുലുമാൾ,വേളി റെയിൽവേ സ്റ്റേഷൻ,കിംസ്,മെഡിക്കൽ കോളേജ് എയർപോർട്ട് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളുടെ സാമീപ്യവും പുത്തൻ കൂറ്റുകാരുടെ തള്ളിക്കയറ്റം സൃഷ്ടിക്കുന്നുണ്ട്.

അരശുംമൂട്ടിലെ അരശ് പോയെങ്കിലും ആനയറ സിവിൽസ്റ്റേഷന് മുൻപിൽ ആൽമരവും മഹാഗണിയും തണൽവിരിച്ചു നിൽക്കുന്നു.കടകംപള്ളി സുരേന്ദ്രന്റെ തട്ടകമായ ആനയറ യഥാർത്ഥ വികസനത്തിന്റെ കുതിപ്പിലാണ്.ആമയിഴഞ്ചാൻതോടിനെ തൊട്ടുകിടക്കുന്ന റോഡും,അണമുഖം പാലവും പൂർത്തിയാകുന്നതോടെ മുഖം മാറുന്ന ആനയറ ടൂറിസം പദ്ധതികളാലും ശ്രദ്ധയാകർഷിക്കപ്പെടും.കഴക്കൂട്ടം മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്ന കടകംപള്ളി സുരേന്ദ്രൻ കഴിഞ്ഞ ടേമിൽ ടൂറിസം മന്ത്രിയായിരുന്നപ്പോൾ വിഭാവനം ചെയ്ത പദ്ധതികളുടെ പൂർണ്ണതയാണ് ഇപ്പോൾ നടക്കുന്നത്. വികസന പ്രക്രിയയുടെ ഭാഗമായി നാളെ റോഡ് നിർമ്മാണത്തിന്റെ ഉൽഘാടനം പെതുമരാമത്തു മന്ത്രി മുഹമ്മദ് റിയാസ് നിർവ്വഹിക്കുന്നു.

ട്രെയിനേജ് പദ്ധതിയുടെ അന്തിമഘട്ടത്തിൽ ആനയറയിൽ ലോഡ്സ് ഹോസ്പിറ്റൽ റോഡിന്റെ ഭാഗത്ത് ഭൂമിക്കടിയിലൂടെ കടത്തിവിടേണ്ട കൂറ്റൻ പൈപ്പുകൾ റോഡ്സൈഡിലെ വെളിമ്പ്രദേശത്ത് മുറിച്ചിട്ടിരിക്കുന്നു.അവസാനഘട്ട പണിസമയത്ത് ഗതാഗത തടസ്സമെന്ന് മാധ്യമങ്ങളും ,സോഷ്യൽ മീഡിയായും ആഘോഷിച്ചു. അഞ്ചോ ആറോ വീടുകൾക്കും തടസ്സമാണന്നു പറഞ്ഞ് കുറച്ചുപേരും വിവാദം സൃഷ്ടിച്ചു.കരാറുകാരൻ പോയി. ഇപ്പോൾ മൽസരിച്ചു വാർത്ത കൊടുത്ത മാധ്യമങ്ങളും സോഷ്യൽ മീഡിയക്കാരെയും കാണാനുമില്ല.ഇരുപത്തഞ്ചു കൊല്ലമായി യാഥാർത്ഥ്യമാകാതിരുന്ന പദ്ധതിയാണ്.എല്ലാം പൂർത്തിയാകുവാൻ അഞ്ചാറു ദിവസം കൂടി ക്ഷമിക്കണമായിരുന്നു. എല്ലാം സ്തംഭിച്ചെന്നമട്ടിൽ പൈപ്പുകളുടെ ചിത്രവും വീഡിയോകളുമായി മീഡിയായിൽ എന്തായിരുന്നു. കടകംപള്ളി തെല്ലു വിഷമത്തോടെ അന്നു പറഞ്ഞു.

# അട്ടിമറി ഗൂഢാലോചന: ബൊൾസോനാരോയുടെ പാസ്പോർട്ട് കണ്ടുകെട്ടി

ബ്രസീലിയ: ബ്രസീൽ മുൻ പ്രസിഡന്റ് ജെയർ ബൊൾസോനാരോയുടെ പാസ്പോർട്ട് പൊലീസ് കണ്ടുകെട്ടി. 2022ൽ ലൂയിസ് ഇനാസിയോ ലുല ഡ സിൽവയോട് തെരഞ്ഞെടുപ്പിൽ തോറ്റതിന് ശേഷം സൈനിക അട്ടിമറിക്ക് ഗൂഢാലോചന നടത്തിയെന്ന കേസിന്റെ ഭാഗമായാണ് നടപടി. നാല് മുൻ മന്ത്രിമാർക്കെതിരെയുള്ള സെർച്ച് വാറണ്ടുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് നിരവധി ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തു. പൊലീസ് കസ്റ്റഡിയിലെടുത്ത നാല് പ്രതികളിൽ ബൊൾസോനാരോയുടെ മുൻ സഹായികളും ഉൾപ്പെടുന്നുവെന്നാണ് റിപ്പോർട്ട്.

24 മണിക്കൂറിനുള്ളിൽ പാസ്!പോർട്ട് സമർപ്പിക്കാൻ കഴിഞ്ഞ ദിവസം സുപ്രീം കോടതി ഉത്തരവിട്ടിരുന്നു. സമയപരിധി അവസാനിച്ചതിന് പിന്നാലെ ബ്രസീലിയയിലെ ബൊൾസോനാരോയുടെ ലിബറൽ പാർട്ടിയുടെ ആസ്ഥാനത്ത് നിന്ന് പൊലീസ് പാസ്!പോർട്ട് പിടിച്ചെടുക്കുകയായിരുന്നു.

തെരഞ്ഞെടുപ്പ് ഫലങ്ങളുടെ കരട് ഉത്തരവിൽ തിരുത്തലുകൾ വരുത്തി, അട്ടിമറി ശ്രമത്തിൽ പങ്കെടുക്കാൻ സൈനിക മേധാവികളെ സമ്മർദത്തിലാക്കി, സുപ്രീം കോടതി ജസ്റ്റിസിനെ ജയിലിലടക്കാൻ ഗൂഢാലോചന നടത്തി തുടങ്ങിയ ആരോപണങ്ങളിലാണ് ബൊൾസോനാരോയ്ക്കെതിരെ അന്വേഷണം നടക്കുന്നത്.

# അഹ്ലൻ മോദിക്ക്" മഴ ഭീഷണി; ജനപങ്കാളിത്തം വെട്ടിച്ചുരുക്കി

അബുദാബി: പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സ്വീകരിക്കാനായി വിവിധ ഇന്ത്യൻ അസോസിയേഷനുകളും സംഘടനകളും കൂട്ടായി സംഘടിപ്പിക്കുന്ന 'അഹ്ലൻ മോദി'യുടെ ജനപങ്കാളിത്തം വെട്ടിക്കുറച്ചതായി റിപ്പോർട്ട്. 80, 000ത്തിൽ നിന്ന് 35,000 പേരിലേക്ക് ചുരുക്കിയതായിയാണ് വിവരം.

യുഎഇയിലെ പ്രതികൂല കാലാവസ്ഥ മൂലമാണിത്. യുഎഇയിൽ ഒറ്റരാത്രികൊണ്ട് കനത്ത മഴയും ഇടിമിന്നലുമാണ് റിപ്പോർട്ട് ചെയ്തത്. രാജ്യത്തുടനീളം ഗതാഗതക്കുരുക്കും വെള്ളക്കെട്ടും രൂപപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിലാണ് പരിപാടിയിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറച്ചിരിക്കുന്നതെന്ന് അധികൃതർ വ്യക്തമാക്കി. അതേസമയം, 45,000 ആളുകളെ പരിപാടിയിൽ പ്രതീക്ഷിക്കുന്നതായി അബുദാബി ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട വൃത്തങ്ങൾ സൂചിപ്പിക്കുന്നു.

ഷെയ്ഖ് സായിദ് സ്പോർട്സ് സിറ്റി സ്റ്റേഡിയത്തിൽ വൈകുന്നേരം നാലുമുതലാണ് 'അഹ്ലൻ മോദി' ആരംഭിക്കുക. ആറിന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ത്യക്കാരെ അഭിസംബോധന ചെയ്യും.

'വിശ്വാമിത്ര' എന്ന പ്രമേയത്തിൽ വിവിധ സംസ്ഥാനങ്ങളുടെ തനതായ കലകൾ യോജിപ്പിച്ച് ആവിഷ്കരിക്കുന്ന കലാവിരുന്നിൽ എഴുന്നൂറിലേറെ കലാകാരന്മാർ പങ്കെടുക്കും. ഇന്ത്യൻ എംബസിയുടെ മേൽനോട്ടത്തിൽ 150ലേറെ സംഘടനകളുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

മോഹിനിയാട്ടം, കുച്ചിപ്പുഡി, കഥകളി, ഭരതനാട്യം എന്നിവ വിവിധ കലാകാരൻമാർ അവതരിപ്പിക്കും. മലയാളികൾ നയിക്കുന്ന വാദ്യമേളങ്ങളും ഉണ്ട്. 'അഹ്ലൻ മോദിക്ക്' ശേഷം നരേന്ദ്ര മോദി അബുദബിയിലെ ആദ്യത്തെ പരമ്പരാഗത ഹിന്ദു ക്ഷേത്രമായ ബാപ്സ് ഹിന്ദു മന്ദിർ ഉദ്ഘാടനം ചെയ്യും.

# അറസ്റ്റിലായ പിഎഫ്ഐയുടെ മുഖ്യപരിശീലകൻ ജാഫർ നിരവധി കേസുകളിലെ പ്രതി

കണ്ണൂർ: കണ്ണൂരിൽ എൻഐഎ അറസ്റ്റ് ചെയ്ത നിരോധിത സംഘടനയായ പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയുടെ (പിഎഫ്ഐ) മുഖ്യപരിശീലകൻ മാട്ടൂലിലെ ഭീമൻറവിട ജാഫർ നിരവധി ക്രിമിനൽകേസുകളിലെ പ്രതിയെന്ന് പഴയങ്ങാടി പോലീസ്.

2047ൽ ഇന്ത്യയിൽ ഇസ്ലാമികരാജ്യം സ്ഥാപിക്കുന്നതിന് വിവിധയിടങ്ങളിലും വിവിധ വ്യക്തികളെ കേന്ദ്രീകരിച്ചും ഗൂഢാലോചന നടത്തിയെന്ന് 2022ൽ രജിസ്റ്റർ ചെയ്ത കേസിലാണ് ഞായറാഴ്ച ഇയാളെ എൻഐഎ അറസ്റ്റ് ചെയ്തത്.

അറുപത് പ്രതികളുള്ള കേസിൽ അൻപതിയൊന്പതാം പ്രതിയാണ് ജാഫറെന്ന് എൻഐഎ അധികൃതർ പറഞ്ഞു. പിഎഫ്ഐയുടെ ആക്രമണസംഘത്തിൻറെ പ്രധാന പരിശീലകനായിരുന്നു ജാഫർ. ആയുധങ്ങൾ ഉൾപ്പെടെ ഉപയോഗിക്കാൻ ഇയാൾ പരിശീലനം നൽകിയിരുന്നതായി എൻഐഎ പറയുന്നു.

2012 ൽ പഴയങ്ങാടി ടൗണിൽ പട്ടാപ്പകൽ കടയിൽ സംഘം ചേർന്നെത്തി വ്യാപാരിയായ ഡേവിഡ് ഏബ്രഹാമിനെ മർദിച്ച് കടത്തിക്കൊണ്ടുപോയി കൊലപ്പെടുത്തിയ കേസിലെ പ്രതിയാണ് ഇയാൾ. ഈ സംഭവത്തിൽ പയ്യന്നൂർ അസിസ്റ്റൻറ് സെഷൻസ് കോടതി അഞ്ച് വർഷം തടവും പിഴയും വിധിച്ചിരുന്നു.

ഈ വിധിക്കെതിരെ അപ്പീൽ നൽകിയതിനെ തുടർന്നാണ് ജയിലിൽ നിന്ന് ഇയാൾ പുറത്തിറങ്ങിയത്. പിന്നാലെയാണ് കൊച്ചിയിൽ നിന്ന് എത്തിയ എൻഐഎ സംഘം ഇയാളെ അറസ്റ്റ് ചെയ്തത്.

# വനംവകുപ്പ് ഉദ്യോഗസ്ഥരുടെ വാഹനങ്ങൾ തീവച്ച് നശിപ്പിച്ചു

ചാലക്കുടി: വനംവകുപ്പ് ഉദ്യോഗസ്ഥരുടെ വാഹനങ്ങൾ തീവച്ച് നശിപ്പിച്ചതായി പരാതി. ചാലക്കുടി വെള്ളിക്കുളങ്ങരയിൽ എച്ച്എംഎൽ പ്ലാൻറേഷൻ പരിസരത്ത് പരിശോധനയ്ക്കെത്തിയ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ബൈക്കുകൾക്കാണ് തീവച്ചത്.

എച്ച്എംഎൽ പ്ലാൻറേഷൻ പരിസരത്ത് പരിശോധനയ്ക്കെത്തിയതായിരുന്നു വനംവകുപ്പ് ഉദ്യോഗസ്ഥരായ ഷൈജു, നിഖിൽ എന്നിവരും മറ്റൊരു ഉദ്യോഗസ്ഥനും.

ഉന്നത വനംവകുപ്പ് ഉദ്യോഗസ്ഥരെത്തി സ്ഥലത്ത് പരിശോധന നടത്തി. പോലീസ് അന്വേഷണം ആരംഭിച്ചു.

# മൂന്നാർ പെരിയവരൈ എസ്റ്റേറ്റിൽ വൻ തീപിടിത്തം

മൂന്നാർ: പെരിയവരൈ എസ്റ്റേറ്റ് ചോലമല ഡിവിഷനിൽ തൊഴിലാളികൾ താമസിക്കുന്ന ലയത്തിനു തീ പിടിച്ചു. ആറു വീടുകൾ പൂർണമായും കത്തി നശിച്ചു. വീടുകളിൽ ഉറങ്ങുകയായിരുന്ന ആളുകളെ ഉണർത്തി പുറത്തെത്തിച്ചതിനാൽ ആളപായമുണ്ടായില്ല.ഇന്നു പുലർച്ചെ രണ്ടോടെയാണ് ലയത്തിനു തീ പിടിച്ചത്. പെരുമാൾ, പഞ്ചവർണം. കാമരാജ്, രാധിക, രാജു , ചിത്ര, പഴനി, മുനിയസാമി എന്നിവരുടെ വീടുകളാണ് കത്തി നശിച്ചത്. വീടുകളിലെ സാധന സാമഗ്രികൾ പൂർണമായും അഗ്നിക്കിരയായി.ഷോർട്ട് സർക്യൂട്ടാണ് അപകടത്തിനു കാരണമെന്നാണ് പ്രാഥമിക നിഗമനം. അഗ്നിരക്ഷാ സേന സ്ഥലത്ത് എത്തിയെങ്കിലും വീടുകൾ പൂർണമായും കത്തിനശിച്ചിരുന്നു.മൂന്നാർ അഗ്നിരക്ഷാ കേന്ദ്രത്തിൽ നിന്നു രണ്ടു വാഹനങ്ങൾ എത്തിയെങ്കിലും ഇവ രണ്ടും പ്രവർത്തന രഹിതമായതോടെ മുപ്പത് കിലോമീറ്റർ അകലെയുള്ള അടിമാലിയിൽ നിന്നാണ് പിന്നീട് അഗ്നിരക്ഷാ സേനയുടെ വാഹനം എത്തി രക്ഷാ പ്രവർത്തനം നടത്തിയത്.നാട്ടുകാർ കൃത്യ സമയത്ത് ഇടപെട്ട് രക്ഷാപ്